MAR GREGORIOS ORTHODOX MAHA EDAVAKA - MUSCAT

# Vineyard

Parish Bulletin

Edition 2017- 2018 • Vol-01



ആത്മീയ ചൈതന്യത്തിന്റെ നാലര ദശാബ്ദങ്ങൾ


45th YEAR

1972–2017

• Articles • Sacraments • Catholicos of Malankara • Ancient Legacy
• Health Care • Kids Zone • Ladies Corner • News

# 41–ാം ചരമദിനം

**2017 ജൂലൈ 30, ഞായർ**



# ക്യാപ്റ്റൻ ഗീവർഗീസ് എം.

**പെരുംപള്ളിൽ, അങ്ങാടിക്കൽ വടക്ക്, പത്തനംതിട്ട**

## ഇതളുകളിൽ


- ആത്മനിയന്ത്രണം ജീവിതത്തിൽ ശീലമാക്കുക ... 5
- പരിശുദ്ധ ദൈവമാതാവ് ... 6
- മറിയാമിൻ സ്മരണം ... 7
- അമ്മയെന്ന സ്നേഹസാഗരം... ... 8
- ശാന്തസമയം ... 9
- മാർ കുര്യാക്കോസ് സഹദായുടെ ചരിത്രം ... 10
- Catholicos of East in Malankara ... 11
- വിശുദ്ധ കുർബ്ബാന ഒരു പഠനം ... 12 – 13
- സെന്റ് കുറിയാക്കോസ് ചാപ്പൽ ... 14
- Health Care ... 15
- Kids Zone ... 16
- Quiz Time ... 17
- Ladies Corner ... 18
- വാർത്തകൾ ... 19 – 22



## PUBLICATION OFFICIALS

**PRESIDENT / VICAR**
Fr. Jacob Mathew

**ASSOCIATE VICAR**
Fr. Kuriakose Varghese (Saji Achen)

**HON. TRUSTEE**
Mathew Varghese (Ani)

**HON. CO–TRUSTEE**
Sabu Koshy

**HON. SECRETARY**
Manoj Mathew

## VINEYARD COMMITTEE

**GENERAL CONVENOR**
Sam Philip

**EDITOR-IN-CHIEF**
Joseph Varghese (Biju Parumala)

**EDITORIAL BOARD MEMBERS**
John P. Luke
Elizabeth Saju
Gracy Mathew
Kunjumol Mohan

**FINANCE**
Salbi John
Varghese P. David

**LAYOUT & DESIGN**
Biju John
Twinkle Varghese

**PRINTING & DISTRIBUTION**
Aju Thomas

**EMAIL**
vineyard@mgomemuscat.com

**ONLINE PUBLICATION**
www.mgomemuscat.com/vineyard




# അതിജീവനത്തിന്റെ നേർക്കാഴ്ചകൾ

തീക്ഷ്ണവും സങ്കീർണ്ണവുമായ എത്രയോ അതിജീവനത്തിന്റെ കഥകൾ നമുക്ക് ചുറ്റുമുണ്ട്. ജീവിതത്തിൽ നമുക്കേൽക്കുന്ന മുറിപ്പാടുകൾക്കും ഓരോ കഥയുണ്ടാകും. നമ്മുടെ ജീവിതാനുഭവങ്ങളും അതിജീവനത്തിന്റെ ഓരോ ഏടുകളാണ്. പ്രതിസന്ധികളെയും പ്രതികൂലതകളെയും ഭയരഹിതമായി അഭിമുഖീകരിക്കുകയും അത്തരം സാഹചര്യങ്ങളെ അതിജീവിച്ച് ക്രിയാത്മകമായി മുന്നേറുവാനും നമുക്ക് സാധിക്കണം. 'എനിക്ക് ചുറ്റുമുള്ള തീയേക്കാൾ ജ്വലിച്ച് കൊണ്ടിരുന്നത് എന്റെ ഉള്ളിലെ അഗ്നിയായിരുന്നു, അതുകൊണ്ടാണ് എനിക്ക് പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായത്' പ്രശസ്ത ഗ്രന്ഥകാരനായ ജോഷ്വാ ഗ്രഹാമിന്റെ ഈ വാക്കുകൾ ഏറെ ചിന്തനീയമാണ്. ഓരോ പ്രശ്നങ്ങൾക്കും ഒരു പോംവഴിയുണ്ടാകും, നിഴലിന് ഒരു വെളിച്ചമുണ്ടെന്നതുപോലെ. ഓരോ പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കുമ്പോഴും ഇനി എന്ത് മാറ്റങ്ങളാണ് ജീവിതത്തിൽ വരുത്തേണ്ടതാണെന്ന ബോധ്യം കൂടിയാണ് നമുക്ക് നൽകുന്നത്.

അതിജീവനത്തിന്റെ പരിച്ഛേദവും അടയാളപ്പെടുത്തലുമാണ് ഓരോ പ്രവാസിയുടെ ജീവിതവും. മണലാരണ്യത്തിലെ അതിജീവനത്തിന്റെ കഥകളും വേണ്ടുവോളമുണ്ട് നമുക്ക് ചുറ്റും. നിത്യദാരിദ്ര്യത്തിൽ നിന്ന് മുക്തിനേടി പിറന്ന നാടും പിച്ചവച്ച മണ്ണും വിട്ട് ആകാശംമുട്ടെ സ്വപ്നങ്ങളുമായി പരദേശിയായി മരുഭൂമിയിലെത്തി മണൽ ചൂടിനോടും മരുക്കാറ്റിനോടും പോരടിച്ച് ജീവിതം കരുപ്പിടിപ്പിച്ച അതിജീവനത്തിന്റെ കഥകൾ. ഇനിയൊരിക്കലും രോഗത്തിൽ നിന്നും മുക്തിയില്ലെന്നും ജീവിതയാത്രയുടെ അളവുകോൽ നിശ്ചയിച്ച് വൈദ്യശാസ്ത്രം പോലും വിധിയെഴുതിയപ്പോഴും ദൈവാശ്രയവും ഒപ്പം നിന്നവരുടെ നിലക്കാത്ത പ്രാർത്ഥനയും കൊണ്ട് ജീവിതത്തിലേക്ക് മടങ്ങിയെത്തിയവർ. ജീവിത സാഹചര്യങ്ങളും ചുറ്റുപാടുകളും തകർച്ചകൾ മാത്രം സമ്മാനിച്ചപ്പോഴും എല്ലാം നഷ്ടപ്പെടുകയും ഇനിയൊരു ജീവിതമില്ലെന്നും ചിന്തിച്ചിടത്തുനിന്ന് പ്രതീക്ഷയുടെ പുതുനാമ്പുകൾ തളിർക്കുകയും നിശ്ചയദാർഢ്യത്തോടെ പ്രതികൂലതകളെ അനുകൂലമാക്കി നഷ്ടമായതെല്ലാം നേടിയെടുത്തവർ... ഇവരെല്ലാം നമുക്ക് ചുറ്റുമുള്ള അതിജീവനത്തിന്റെ നേർക്കാഴ്ചകളാണ്.

വളരെ തിരക്കുള്ള ഒരു തെരുവ്. യാത്രക്കാരും വാഹനങ്ങളും ഇടമുറിയാതെ ഒഴുകുന്നു. അവിടെ വഴിയിൽ ചിതറിക്കിടക്കുന്ന ധാന്യമണികൾ കൊത്തിപ്പെറുക്കുന്ന ഒരു കൊച്ചു കുരുവി. മിന്നൽ വേഗത്തിൽ പാഞ്ഞുവരുന്ന വാഹനങ്ങളുടെ ചക്രങ്ങൾക്കടിയിപ്പെടുമെന്ന് കാഴ്ചക്കാർക്ക് തോന്നുമെങ്കിലും യാതൊരു കൂസലുമില്ലാതെ അത് തന്റെ ഉദ്യമം തുടരുന്നു. ചീറിപ്പാഞ്ഞ് വരുന്ന വാഹനങ്ങൾ തൊട്ടു തൊട്ടില്ല എന്ന ദൂരത്തിലെത്തുമ്പോൾ അത് പെട്ടന്ന് പറന്നുയരുന്നു. അപകടം അടുത്തു വരുമ്പോൾ അതിനു മീതെ പറന്നുയരാൻ നിയതി അതിന്റെ ചിറകുകൾക്ക് നൽകിയിരിക്കുന്ന ശക്തി അത്ഭുതാവഹം തന്നെ. അത്യാഹിതങ്ങൾക്ക് മീതെ പറന്നുയരാൻ ഒരു കൊച്ചു പക്ഷിക്ക് പോലും വേണ്ട ശക്തി സ്രഷ്ടാവ് നൽകിയിട്ടുണ്ട്. അപകടങ്ങൾക്ക് മീതെ നിന്നുകൊണ്ട് സധൈര്യം ധാന്യങ്ങൾ കൊത്തിത്തിന്നുന്ന ഒരു കൊച്ചു കിളി മഹത്തായ അതിജീവനത്തിന്റെ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. എല്ലാ പ്രശ്നങ്ങളുടെയും മീതെ പറന്നുയരാനുള്ള കരുത്ത് നമ്മുടെ ചിറകുകൾക്കും സ്രഷ്ടാവ് നൽകിയിട്ടുണ്ടെന്ന യാഥാർത്ഥ്യം.

"യഹോവയിൽ ശരണം പ്രാപിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും, അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ച് പോകാതെ നടക്കുകയും ചെയ്യും" (യെശയ്യാ. 40: 31). ജീവിതത്തിലുണ്ടാകുന്ന അപകട സാഹചര്യങ്ങൾ, പ്രശ്നങ്ങൾ, പ്രതിസന്ധഘട്ടങ്ങൾ, വേദനകൾ, രോഗാവസ്ഥ അങ്ങനെ പ്രതികൂലതകളെ നേരിടുമ്പോൾ ദൈവത്തിൽ ആശ്രയിച്ച് തളർന്നു പോകാതെ അതിനെ അതിജീവിച്ച് മുന്നേറാനുള്ള ഉൾക്കരുത്തും മനോധൈര്യവും ആർജ്ജിക്കുക. നാം അഭിമുഖീകരിക്കുന്ന വിഷമഘട്ടങ്ങളെ തരണം ചെയ്ത് ക്രിയാത്മകമായി മുന്നേറാനുള്ള കരുത്ത് ദൈവം നൽകുന്നു.

**ബിജു പരുമല**
ചീഫ് എഡിറ്റർ

# ആത്മീയ ചൈതന്യത്തിന്റെ നാലര ദശാബ്ദങ്ങൾ



“സഭയിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശ്വാസിക്ക് അസ്ഥിത്വമില്ല. സഭയുടെ കെട്ടുപാടുകൾക്കും രീതികൾക്കും നാം പ്രാധാന്യം നൽകണം. സഭാ ക്രമീകരണങ്ങളിൽ വിശ്വസിക്കുകയും അതിനു വിധേയരാകയും, സഭാ പിതാക്കന്മാരുടെ ജീവിതവും മാതൃകയും പിന്തുടരുകയും വേണം.”

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക വളർച്ചയുടെയും ആത്മീയ ചൈതന്യത്തിന്റെയും ഒരു വർഷം കൂടി പിന്നിട്ട് നാല്പത്തഞ്ചാമതു വർഷത്തിലേക്കു പ്രവേശിക്കുന്നു. 1972 ജൂൺ മാസം 30–ന് ഒമാനിൽ ആരംഭിച്ച ക്രിസ്തീയ കൂട്ടായ്മ വളർന്നു പന്തലിച്ച്, ആയിരത്തിൽ ഇരുനൂറിൽ പരം കുടുംബങ്ങളുള്ള ഒരു മഹാ വൃക്ഷമായിരിക്കുന്നു. വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറാൻ സഹായിച്ചവരും ഇന്ന് മഹാഇടവകയായി വളർത്തുവാൻ യത്നിച്ചവരും അനേകരാണ്. ഭാവിയെക്കുറിച്ചുള്ള വലിയ സ്വപ്നങ്ങളും അത് സാക്ഷാത്കരിക്കുവാനുള്ള തീവ്രയത്നവും നമ്മുടെ പൂർവ്വീകർക്കും, ആദ്യകാല പ്രവർത്തകർക്കും ഉണ്ടായപ്പോൾ, അത് പിൻതലമുറ ഏറ്റുവാങ്ങുകയും, വെള്ളവും വളവും നൽകി പരിപാലിച്ച് ഒരു വടവൃക്ഷമാക്കി അനേകർക്ക് ആരാധനയ്ക്കും ആത്മീയ ഉണർവിനും കാരണമാക്കിത്തീർക്കുകയും ചെയ്തു.

ഭൗതീകമായ വളർച്ച കൈവരുത്തുവാൻ ആദ്ധ്വാനിച്ചവർ, ആത്മീയ ചൈതന്യത്തിനായി പ്രാർത്ഥിച്ചവർ, കാലാകാലങ്ങളിൽ മുൻ നിരയിൽ നിന്ന് നേതൃത്വം നൽകിയവർ, സഭാസ്നേഹത്തെ നെഞ്ചിലേറ്റി താലോലിച്ച് സഭയ്ക്ക് അഭിമാനമായ രീതിയിൽ ഇതിനെ വളർത്തിയവർ, കാത്തുസൂക്ഷിച്ചവർ ഇവരെ നന്ദിപൂർവ്വം സ്മരിക്കാം. അവർ കൈമാറിത്തന്ന ഈ സഭാനൗകയെ അനുസ്യൂതം വളർത്തുവാൻ നമുക്ക് യത്നിക്കാം.

ആദ്ധ്യാത്മിക രംഗത്തെ ചില ആധുനിക പ്രവണതകളെ നാം മനസ്സിലാക്കുകയും അത് നമ്മുടെ ആത്മീയ വളർച്ചയ്ക്ക് വിഘാതമാകാതിരിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടിയുമിരിക്കുന്നു. പുതുമക്കു വേണ്ടിയുള്ള ആഗ്രഹം, വികാര വിക്ഷോഭങ്ങൾ ആരാധനയിൽ സ്വീകരിക്കുന്ന രീതി, സുഖവും സൗകര്യവും നോക്കിയുള്ള ക്രമീകരണങ്ങൾ, പ്രാർത്ഥന കാര്യസാധ്യത്തിന് മുഖാന്തരമാക്കുന്ന രീതി, ആഗ്രഹിക്കുന്നതൊക്കെയും പെട്ടെന്ന് സാധിക്കുമെന്ന ചിന്ത, അടയാളങ്ങളും അത്ഭുതങ്ങളും ആഗ്രഹിക്കുന്ന ആത്മീയത, ഒച്ചപ്പാടും ബഹളങ്ങളും പുതുമകളും വഴി അനേകരെ ആകർഷിക്കുന്ന രീതി, വൈകൃതങ്ങളിലേക്ക് നീങ്ങുന്ന വിശ്വാസം, വ്യക്തിതാൽപര്യങ്ങൾ നിലനിർത്തുവാനുള്ള കൃത്രിമ ശ്രമങ്ങൾ തുടങ്ങിയവയൊക്കെ ഇന്നത്തെ ചില പുതിയ പ്രവണതകളാണ്.

സഭയിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശ്വാസിക്ക് അസ്ഥിത്വമില്ല. സഭയുടെ കെട്ടുപാടുകൾക്കും രീതികൾക്കും നാം പ്രാധാന്യം നല്കണം. സഭാ ക്രമീകരണങ്ങളിൽ വിശ്വസിക്കുകയും അതിനു വിധേയരാകയും, സഭാ പിതാക്കന്മാരുടെ ജീവിതവും മാതൃകയും പിന്തുടരുകയും വേണം. കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം നൽകണം. കുരിശ് വഹിക്കുന്ന ജീവിതസാക്ഷ്യമാണ് നമ്മുടെ ആദ്ധ്യാത്മീക പാരമ്പര്യവും, മാതൃകയും – യാമപ്രാർത്ഥനകൾ ശീലമാക്കണം.

വി. കുർബ്ബാന കേന്ദ്രീകൃത ജീവിതമാകണം. സഭാ വിശ്വാസികളുടേത് ശ്രേഷ്ഠമായ ജീവിത മാതൃകയും, പുതുമ തേടുന്നവരെയും പുതിയ പരീക്ഷണങ്ങൾക്ക് മുതിരുന്നവരെയും കീഴ്പ്പെടുത്തുന്നതുമാവണം. കഷ്ടതകളിലും ദൈവവുമായുള്ള ബന്ധം ദൃഢമായിരിക്കുന്ന ആത്മീയതയിലേക്കു നാം വളരേണ്ടിയിരിക്കുന്നു.

വിനെയാർഡ് 2017–18 വർഷത്തെ ആദ്യപതിപ്പ് നിങ്ങളുടെ കൈകളിലെത്തുമ്പോൾ അത് ജൂബിലി വർഷത്തിൽ ദൈവത്തെ സ്തുതിക്കുവാനും നന്ദി അർപ്പിക്കുവാനും കൂടുതലായി നമ്മെ സഹായിക്കുന്നതാകട്ടെ.

*കർത്താവിൽ സ്നേഹത്തോടെ,*

**ജേക്കബ് അച്ചൻ**

കർത്താവിൽ പ്രിയരെ,

മസ്കറ്റ് മഹാ ഇടവകയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ ‘വിനെയാർഡിന്റെ’ 2017–18 വർഷത്തെ ആദ്യ പതിപ്പ് വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ (ശൂനോയോ) സ്മരണ പുതുക്കുന്ന നോമ്പു ദിനങ്ങളിൽ പ്രസദ്ധീകരിക്കുവാൻ സാധിച്ചതിൽ കരുണമയനായ ദൈവത്തിന് നന്ദിയോടെ സ്തുതികൾ അർപ്പിക്കുന്നു.

നമ്മുടെ ഇടവക 45–ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ വിനെയാർഡിന്റെ രൂപഭാവത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തി വ്യത്യസ്തവും വൈവിധ്യമാർന്നതുമായ പംക്തികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നു.

വി. ദൈവമാതാവിന്റെ പ്രധാന പെരുന്നാളായ ശൂനോയോ നോമ്പിൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അനുഗ്രഹങ്ങൾക്കായി അഭയം പ്രാപിക്കാം.

സ്നേഹത്തോടെ

**സാം ഫിലിപ്പ്, ജന. കൺവീനർ.**


**ST. MARY**
**Pray for Us**




Inserted by:
**Mathew K. A. & Family**




# ആത്മനിയന്ത്രണം ജീവിതത്തിൽ ശീലമാക്കുക

— തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ






വാർത്തകൾ യാഥാർത്ഥ്യങ്ങൾക്ക് നേരെയുള്ള ജാലകം ആണ്. നാം ഇപ്പോൾ വായിക്കുന്ന വാർത്തകൾ പലതും മനഃസാക്ഷിക്ക് മരവിപ്പുളവാക്കുന്നതാണ്. ആത്മനിയന്ത്രണം നഷ്ടപ്പെട്ട മനുഷ്യരെയാണ് നാം എവിടേയും കാണുന്നത്. വൈദീക, അത്മാ വ്യത്യാസമില്ലാതെ ആത്മനിയന്ത്രണം നഷ്ടപ്പെട്ടതിനെപ്പറ്റിയുള്ള വാർത്തകൾ നമ്മുടെ ചിന്തകളെ ഉണർത്തണം. ആത്മശരീര മനസ്സുകളുടെ ശക്തീകരണം ലക്ഷ്യം വയ്ക്കുന്ന നോമ്പുകാലത്ത് നാം പരിശീലിക്കേണ്ടതും ഈ നിയന്ത്രണം തന്നെ.

ഹിംസയുടേയും പീഡനത്തിന്റേയും പരിധിയിൽ വൃദ്ധജനങ്ങളും കൊച്ചുകുട്ടികളും വരെ പെടുന്നു. ആത്മനിയന്ത്രണത്തിന്റെ പ്രതീകമായി നിലകൊള്ളേണ്ട പൗരോഹിത്യ സ്ഥാനികളും ആരോപണ വിധേയർ ആകുന്നത് അത്യന്തം വേദനാജനകമാണ്. നിയമത്തിന്റെ തലനാരിഴ കീറി രക്ഷപെടുവാൻ മാർഗ്ഗങ്ങൾ കണ്ടെത്തിയാലും മനുഷ്യമനസ്സിൽ ആഴത്തിൽ പതിഞ്ഞുപോയ ധാരണകളിൽ നിന്ന് മോചിതരാകുവാൻ ആർക്കും കഴിയുകയില്ല. കാലം എല്ലാം മായിക്കും എന്ന ചിന്ത ചിലർക്കെങ്കിലും ഉള്ളതുകൊണ്ടാണ് മനഃസ്സാക്ഷിക്കുത്തില്ലാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. സംശയത്തിന്റെ നിഴലിൽ ആക്കപ്പെടുന്ന ഒരു പൗരോഹിത്യ സ്ഥാനിക്കും ജനത്തിന്റേയും സമൂഹത്തിന്റെയും മുൻപിൽ നീതീകരണമില്ല. ആയിരം തവണ കൈ കഴുകിയാലും ആ പാപക്കറ മാഞ്ഞുപോകുകയില്ല. ഓർമ്മകൾ നഷ്ടപ്പെടുന്നതാണ് പ്രധാന പ്രശ്നം. മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും കൈത്താങ്ങ് നൽകി സഹായിച്ചിട്ടുള്ളവരുടെയും മുഖം ഓർത്തെടുത്താൽ സ്വാഭാവികമായും ആത്മനിയന്ത്രണം ഉണ്ടാകും. കാര്യം നടന്നു കഴിഞ്ഞാൽ കണക്കുകൾ സൂക്ഷിക്കേണ്ട എന്നതാണ് ചിലരുടെ ചിന്ത. കണക്കുകൾ കടപ്പാടും, വിധേയത്വവും സൃഷ്ടിക്കുന്നത് മൂലമാണ് ഇവ വലിച്ചെറിയാൻ വെപ്രാളപ്പെടുന്നത്. വിധേയത്വം അടിമത്വമല്ല, ബഹുമാനത്തിന്റെ ഔന്നത്യത്തിൽ നിന്നേ വിധേയത്വം ഉണ്ടാകുകയുള്ളൂ. ദൈവത്തോട് വിധേയത്വമുള്ള പൗരോഹിത്യത്തിന് വിശ്വാസ സമൂഹത്തിന്റെ മുൻപിൽ കുറ്റവാളിയെപ്പോലെ ഒരിക്കലും നിൽക്കേണ്ടി വരില്ല. വളരുവാനും നേടുവാനും ആഗ്രഹിക്കുന്നത് മനുഷ്യന്റെ സ്വഭാവമാണ്. അതിൽ തെറ്റില്ല, സ്വന്തം സാധ്യതകളെ കൂടി പരിഗണിച്ച് വേണം ആ സ്വപ്നങ്ങൾ കാണുവാൻ. അല്ലെങ്കിൽ സഹായിച്ചവരും കരം നീട്ടിയവരും കൂടെയിരുന്നവരുമൊക്കെ വെറും പ്രതിബന്ധങ്ങളായി അവർക്ക് തോന്നും. നിർദ്ദാക്ഷണ്യം അവരെ വലിച്ചെറിയാൻ നാം തയ്യാറാകുകയും കണക്കുകൾ സൂക്ഷിക്കേണ്ട എന്ന മഹാസൂക്തം ഉരുവിടുകയും ചെയ്യും. ഇവിടെ കുറ്റവിചാരണ മനുഷ്യരുടേതല്ല, ദൈവത്തിന്റേതാണ്.

അക്രമവാസനയും സ്വാർത്ഥതയും തൻപോരിമയും ശക്തിയാർജ്ജിക്കുന്നത് നമ്മുടെ തലമുറ യന്ത്രതുല്യരായി ഉയർത്തപ്പെടുന്നത് മൂലമാണ്. നവമാധ്യമങ്ങൾ നമ്മുടെ തലമുറയുടെ മുൻപിൽ ആത്മാവ് നഷ്ടപ്പെട്ട യാന്ത്രിക ബന്ധങ്ങളെ അവതരിപ്പിക്കുകയാണ്. അക്രമത്തിന്റെയും ലൈംഗികതയുടെയും അതിപ്രസരമുള്ള ഇത്തരം മാധ്യമങ്ങൾ അമ്മമാരേയും സഹോദരിമാരേയുംപോലും നികൃഷ്ട നയനത്തോടെ കാണുവാൻ പ്രേരിപ്പിക്കുന്നു. സമൂഹത്തിന്റെ എല്ലാ വേലിക്കെട്ടുകളും തകർത്ത് ആത്മനിയന്ത്രനം പാടെ തകർന്ന ഇവർ മുന്നോട്ട് കുതിക്കുമ്പോൾ പിടിക്കപ്പെട്ടത് വ്യക്തിയാണെങ്കിലും വിചാരണ ചെയ്യപ്പെടുന്നത് ഒരു സമൂഹമാണ്. ചാനലുകൾ നിർദ്ദാക്ഷണ്യം മാധ്യമ വിചാരണ ചെയ്യുമ്പോൾ ഉത്തരം പറയുവാൻ കഴിയാതെ നാം ഉൾവലിയേണ്ടി വരുന്നു; നിശബ്ദരാകുവാൻ നിർബന്ധിതമാകുന്നു.

ഈ നോമ്പുകാലം നമുക്ക് ആത്മനിയന്ത്രണതിന്റേതാകട്ടെ. പ്രസംഗ പീഠത്തിലെ പ്രബോധനങ്ങൾക്ക് മുൻപ് സ്വയം നിയന്ത്രണത്തിന് നമുക്ക് ഉണരാം. നിസ്വാർത്ഥമതികളായ അനേകായിരം മുൻഗാമികളുടെ കറപുരളാത്ത ജീവിതമാണ് നമ്മുടെ കൈമുതൽ. കൂട്ടത്തിൽ പുഴുക്കുത്തുകളുണ്ടാകാം. എന്നാൽ അത് നമ്മുടെ സ്വഭാവമല്ല എന്ന് കൃത്യതയോടെ പറയുവാൻ കഴിയുന്നത് സമ്പൂർണ്ണ ആത്മനിയന്ത്രണത്തിലുള്ള വളർച്ച പൂർണ്ണമാകുമ്പോൾ മാത്രമാണ്. ‘ചിന്തകളെ കടിഞ്ഞാണിടാനും ചിത്തത്തിൽ തീർത്തും’ നാമും നമ്മുടെ ജനവും പരിശീലിക്കപ്പെടുമ്പോൾ ആരാലും ചോദ്യം ചെയ്യപ്പെടാത്ത പൗരോഹിത്യം സജീവമാകും. മാധ്യമങ്ങളിൽ ചില ദുർവാസനകൾ പെരുപ്പിക്കപ്പെടുമ്പോഴും നോമ്പിൽ നിന്ന് ഉയരുന്ന വാസന ഇമ്പകരമാണെന്ന് തിരിച്ചറിഞ്ഞ് പ്രതീക്ഷയുടെയും പ്രകാശത്തിന്റെയും നിർമ്മല പൗരോഹിത്യം പ്രതിഞ്ജാബദ്ധ മനസ്സോടെ നമുക്ക് കാത്ത് പരിപാലിക്കാം. അതിന് സർവ്വശക്തൻ ഏവരേയും ബലപ്പെടുത്തട്ടെ.

**CONDOLENCES**



**Mr. P.A. Mathew (75)**
(Former Trustee - MGOC)

Left for heavenly abode
on Monday, 31/07/2017
We share the loss with the bereaved family
and let God Almighty console them.

**MAY HIS SOUL REST IN PEACE**

Vicars, Managing Committee and Members
Mar Gregorios Orthodox Maha Edavaka
Muscat

# പരിശുദ്ധ ദൈവമാതാവ്

## “പരിശുദ്ധ കന്യക മറിയാമ്മിന്റെ ഓർമ്മ നമുക്ക് വാഴ്‌വിനായി തീരട്ടെ!”

— റവ. ഫാ. കെ. റ്റി. മത്തായി കോർ-എപ്പിസ്കോപ്പ, തുമ്പമൺ ഭദ്രാസനം



ഓർത്തഡോക്സ് ക്രൈസ്തവ ചിന്ത അനുസരിച്ച് യേശു ക്രിസ്തുവിലുള്ള വിശ്വാസം മൂലം സംശുദ്ധവും സ്നേഹാർദ്രവുമായ ജീവിതം നയിച്ച് ക്രിസ്തീയ അനുരൂപികളായി തീർന്ന വ്യക്തികളെയാണ് മരണശേഷം വിശുദ്ധർ എന്ന് നാമകരണം ചെയ്യുന്നത്. തേജസികമായ ജീവിതത്തിലൂടെ ഈശ്വരഭാവങ്ങളായ കരുണയും സ്നേഹവും ക്ഷമയും വിശുദ്ധ ആത്മീയ നൽവരങ്ങളും അവർ പ്രകടിപ്പിക്കുന്നു. ജീവിച്ചിരുന്നാലും ഭൗതികമായി മരിച്ചാലും അവർ ക്രിസ്തുവിൽ സജീവരായി നിലകൊണ്ട് നിരന്തരം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസികൾ അവർക്കുവേണ്ടി പ്രാർത്ഥിക്കണം. അവരുടെ മദ്ധ്യസ്ഥ പ്രാർത്ഥന വിലപ്പെട്ടതായി കരുതുന്നു. ഇവിടെ പരസ്പരമുള്ള പ്രാർത്ഥന ക്രിസ്തുവിന്റെ അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. പ്രാർത്ഥനയിലൂടെ വിശുദ്ധരുമായുള്ള സംസർഗ്ഗം മൂലം ഈ ലോകജീവിതത്തിൽ പരിപോഷിപ്പിക്കപ്പെട്ട് ക്രിസ്തുസ്വഭാവമുള്ളവരായി തീരുന്നു. ഇതാണ് വിശുദ്ധന്മാരെക്കുറിച്ചുള്ള ക്രിസ്തീയ പ്രബോധനം.

ക്രിസ്തീയ അനുഗാമികൾ എല്ലാവരെയും വിശുദ്ധർ എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. എന്നാൽ ജനങ്ങളുടെ മനസ്സിൽ ആത്മീയ മുദ്രപതിപ്പിക്കുന്ന ചില വിശുദ്ധ വ്യക്തികൾ ഉണ്ടാകാറുണ്ട്. അവർ ഔദ്യോഗികമായ അംഗീകാരം കൂടാതെ പുരുഷാന്തരങ്ങൾക്ക് ആത്മീയ ജ്യോതിസ്സായി ശോഭിക്കുന്നു. ഇതാണ് വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയെ കുറിച്ച് സഭ പഠിപ്പക്കുന്നത്.

### ദൈവമാതാവിന് നമ്മുടെ സഭ നൽകുന്ന സ്ഥാനവും ബഹുമതിയും എന്താണ്?

റോമൻ കത്തോലിക്ക സഭ പഠിപ്പിക്കുന്നതുപോലെ ഏറ്റവും പരിശുദ്ധയായി ദൈവമാതാവിനെ കണക്കാക്കുന്നില്ല. എന്നാൽ പരിശുദ്ധന്മാരുടെ പട്ടികയിൽ ഒന്നാം സ്ഥാനം മാതാവിന് നൽകുന്നു. മൂന്ന് ത്രോണോസ് ഉണ്ടെങ്കിൽ അതിൽ ഒന്ന് ദൈവമാതാവിന്റെ നാമത്തിലായിരിക്കും. ദൈവമാതാവിന് നിർവചനമായി ഉപയോഗിക്കുന്ന ഗ്രീക്കു പദമാണ് “തെയോഡോക്സ്” അതിന്റെ അർത്ഥം “ദൈവവാഹിനി” എന്നാണ്.

ചില വേദവിപരീതികൾ പലരീതിയിലുള്ള ദുരുപദേശ ചിന്താഗതികൾ ഉയർത്തി മാതാവിന്റെ സ്ഥാനത്തെ ചോദ്യം ചെയ്തിരുന്നു. ദൈവത്തിന് ജനിക്കുവാൻ സാദ്ധ്യമല്ല എന്ന ഒരു ചിന്താഗതി ഉണ്ടായിരുന്നു. അറിയോസിന്റെ വേദവിപരീതത്തിന്റെ അവസാനത്തിൽ എവിനിയോമിയത് എന്ന വേദവിപരീതി ദൈവത്തിന് പര്യായമായി ഉപയോഗിച്ച പദം അജാതത്വം എന്നാണ്. അതായത് പുത്രൻ ജാതനായതുകൊണ്ട് ദൈവമല്ല എന്ന് വാദിച്ചു. എന്നാൽ പരിശുദ്ധ സഭ അതിനെ ഖണ്ഡിച്ച് ജനകനാം ദൈവം, പിതാവിൽ നിന്ന് ജാതനായ ദൈവം, പിതാവിൽ നിന്ന് പുറപ്പെടുന്നവനായ ദൈവം എന്നീ മൂന്ന് ആളത്വങ്ങൾ ഒരു ദൈവത്വം എന്ന് സഭ ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു.

വേറൊരു വേദവിപരീതിയായ നെസ്റ്റോറിയോസ് പഠിപ്പിച്ചത് കന്യക മറിയാമിൽ നിന്ന് ജാതം ചെയ്തത് ഒരു മനുഷ്യശിശു ആയിരുന്നുവെന്നും പുത്രനാം ദൈവം ആ ശിശുവുമായി സംയോജിച്ച് എന്ന് മാത്രമേയുള്ളൂ എന്നാണ്.

കന്യകയുടെ ഉദരത്തിൽ മാലാഖയുടെ വചനിപ്പ് മൂലം ഉടലെടുത്ത പ്രജ പൂർണ്ണ മനുഷ്യനായിരുന്നു. അതുകൊണ്ട് കന്യക ഗർഭം ധരിച്ചതും പ്രസവിച്ചതും മുലയൂട്ടി വളർത്തിയതും മനുഷ്യാവതാരം ചെയ്ത പുത്രനായ ദൈവം തമ്പുരാനെ തന്നെയായിരുന്നു എന്ന് സഭ പഠിപ്പിക്കുന്നു. അതുകൊണ്ട് ദൈവമാതാവിനെ ദൈവധരിത്രീ, ദൈവജനിത്രി, ദൈവമാതാവ് എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നു. ശ്ലീഹന്മാർക്കോ മറ്റ് ആർക്കെങ്കിലുമോ ലഭിക്കാത്ത വലിയ ഭാഗ്യമാണ് പരിശുദ്ധ കന്യകയ്ക്ക് ലഭിച്ചത്. കന്യകയുടെ ജഡീക ഉദരത്തിൽ നിന്ന് ജഡം സ്വീകരിച്ച മഹാത്ഭുതത്തിന്റെ അടിസ്ഥാനത്തിലാണ് ശ്ലീഹന്മാരേക്കാൾ ഉയർന്ന സ്ഥാനം പരിശുദ്ധ സഭ മാതാവിന് നൽകിയിരിക്കുന്നത്.

ദൈവസന്ദേശത്തെ വിശ്വാസത്തോടെ പരിശുദ്ധ കന്യക സ്വീകരിച്ച് ദൈവമാതാവായി തീർന്നു. പൂർണ്ണ മനുഷ്യനും പൂർണ്ണദൈവവുമായുള്ള നമ്മുടെ കർത്താവിന്റെ മാതാവായി കന്യക ഉയർത്തപ്പെട്ടു. പൂർണ്ണ ദൈവമായ യേശുവിലേക്ക് ഒട്ടിച്ചേർക്കപ്പെട്ടവരായ നമുക്ക് പരിശുദ്ധ കന്യക മാതാവായി തീർന്നു.

ആദ്യ മാതാവായ ഹവ്വയുടെ പാപം മൂലം മനുഷ്യരാശിയെ പാപത്തിൽ വീഴിച്ചതുപോലെ രണ്ടാമത്തെ മാതാവായ കന്യക മറിയാമ്മിന്റെ വിശ്വാസത്തോടു കൂടിയ വചനസ്വീകരണം പുതിയ മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടിക്ക് കാരണമായി.

മനുഷ്യാവതാരത്തിൽ കന്യകക്കുള്ള സ്ഥാനമാണ് സഭ കൊടുക്കുന്ന ബഹുമതിയുടെ നിദാനം. ആദ്യ ക്രിസ്ത്യാനിയാണ് പരിശുദ്ധ കന്യകമറിയാമെന്ന് വേണമെങ്കിൽ പറയാം.

മാലാഖയുടെ അറിയിപ്പ് ആദ്യത്തെ സുവിശേഷം ആണ്. വിശ്വാസത്തോടെ അതിനെ സ്വീകരിച്ച് പരിശുദ്ധ കന്യക തന്റെ പ്രവൃത്തിമൂലം ലോകത്തിന് രക്ഷയുണ്ടാക്കി എന്നുള്ളത് സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ സൃഷ്ടിയിൽ ക്രിസ്തു കഴിഞ്ഞാൽ കന്യകയ്ക്ക് ഒന്നാം സ്ഥാനം കൊടുക്കുന്നതും ഈ പശ്ചാത്തലത്തിലാണ്.





# മറിയാമിൻ സ്മരണം

— ജോൺ ഡി. കുന്നത്ത്

വിശുദ്ധ കന്യകമറിയാമും പരിശുദ്ധന്മാരും പൗരാണിക ക്രൈസ്തവ ആരാധനയിൽ സജീവരായി സന്നിഹിതരാണ്. അവർ നമ്മോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്തുന്നതിൽ പങ്ക് ചേരുന്നു. നമ്മുടെ ബാഹ്യനയനങ്ങൾക്ക് അവർ അദൃശ്യരെങ്കിലും ആന്തരിക നയനങ്ങൾക്ക് അവർ ദൃശ്യരാണ്. അവരുടെ സാന്നിധ്യം അംഗീകരിക്കുകയും മാനിക്കുകയും അവരോടു ഞങ്ങൾക്കായി പ്രാർത്ഥിക്കേണമെ എന്നു അഭ്യർത്ഥിക്കുകയും ചെയ്യുന്നത് നമ്മുടെ ആരാധനയുടെ അവിഭാജ്യ ഘടകമാണ്.

നമ്മുടെ നയനഗോചരങ്ങൾക്ക് ദൃശ്യമായ ബാഹ്യലോകത്തെ കൂടാതെ കാണപ്പെടാത്ത ഒരു ഭാഗം കൂടെയുണ്ടെന്ന് നാം മനസ്സിലാക്കുന്നതുകൊണ്ട് മരണം നമുക്ക് ജീവിതത്തിന്റെ അവസാനമല്ല. മരിക്കുമ്പോൾ ഒരാൾ നമുക്ക് കാണപ്പെടാതാവുന്നതേയുള്ളൂ. ബാഹ്യദൃഷ്ടികൾക്ക് കാണപ്പെടാതാവുന്നെങ്കിലും ആന്തരിക ദൃഷ്ടികൾക്ക് അവർ സജീവരായിരിക്കുന്നു. നമ്മുടെ ആന്തരിക നയനങ്ങൾ സജീവമാകുന്ന അവസരമാണ് ആരാധന. അപ്പോൾ നമ്മുടെ ബാഹ്യനേത്രങ്ങൾക്ക് അപ്രത്യക്ഷരായ എല്ലാവരും സജീവരായി നമ്മോടൊപ്പം ദൈവത്തെ ആരാധിക്കുന്നതായി നാം തിരിച്ചറിയുന്നു. മരിച്ചുപോയവരെ മണ്മറഞ്ഞവർ (മണ്ണിൽ മറഞ്ഞവർ) എന്നു വിളിക്കാറുണ്ട്. കണ്മറഞ്ഞവർ (കണ്ണിന് മറഞ്ഞവർ) എന്ന പ്രയോഗമാവും കുറെക്കൂടി അനുയോജ്യം.

നമ്മുടെ കണ്മറഞ്ഞവരിൽ ചുരുക്കം ചിലരെ പരിശുദ്ധർ എന്നു വിളിച്ച് നാം പ്രത്യേകം മാനിക്കുന്നു. അനുഗ്രഹീത ജീവിതം നയിച്ച മഹാത്മാക്കളാണ് അവർ. സമ്പത്തിന്റെയും സുഖസൗകര്യങ്ങളുടെയും സ്ഥാനമാനങ്ങളുടെയും മരീചികകളിൽ ഭ്രമിക്കാതെ സർവേശ്വരനിൽ മാത്രം ദൃഷ്ടികളൂന്നി ജീവിതയാത്ര ചെയ്തു വിജയം നേടിയവരാണ് അവർ. നന്മയുടെ പക്ഷത്തു ധീരതയോടെ നിലകൊണ്ട് തിന്മയ്ക്കെതിരെ പോരാടിയവരാണ് അവർ.

അവരാണ് നമ്മുടെ മാതൃകയും (**Role Models**), നേതാക്കളും, താരങ്ങളും (**Celebrities**) അവരുടെ സന്തതസഹവാസം അവരെപ്പോലെ ജീവിതവിജയം നേടുവാൻ നമ്മെ പ്രാപ്തരാക്കും. നമ്മുടെ ലോകത്തിൽ താരങ്ങളായി മാനിക്കപ്പെടുന്നത് കളിക്കാരും നടീനടന്മാരും ഒക്കെയാണ്. അതിൽ നിന്നു വ്യത്യസ്തമായി പരിശുദ്ധർ നമ്മുടെ താരങ്ങളാകുമ്പോൾ നമ്മുടെ ജീവിതം നേരായ ഗതിയിലാണെന്ന് നമുക്ക് ഉറപ്പിക്കാം.

ദൈവഭക്തി ദിവ്യജ്ഞാനത്തിന്റെ ഉറവിടം (സുഭാഷിതങ്ങൾ 1:7) എന്നു പൂർവകവി പാടി. മലയാളത്തിൽ ജ്ഞാനം എന്നും ഇംഗ്ലീഷിൽ **Wisdom** എന്നും മൊഴിമാറ്റം ചെയ്തിരിക്കുന്നത് ഗ്രീക്കിലെ **Sophia** എന്ന പദമാണ്. ഇന്ത്യയിലെ സരസ്വതി ദേവിയെപ്പോലെ യവനസംസ്ക്കാരത്തിലെ ജ്ഞാനദേവതയാണ് സോഫിയ. സോഫിയയെ ഉയർത്തുക, അവൾ നിന്നെയും ഉയർത്തും (സുഭാഷിതങ്ങൾ 4:8) എന്നും കവി പാടി. സോഫിയയെ ഉയർത്തിയവരാണ് വിശുദ്ധർ. അതിന്റെ ഫലമായി സോഫിയ അവരെ ഉയർത്തി. അവരെപ്പോലെ ദിവ്യജ്ഞാനത്തെ ഉയർത്തി ദൈവഭക്തിയുടെ മാർഗ്ഗത്തിൽ ചരിക്കുവാൻ തീരുമാനിച്ചിരിക്കുന്നവരാണ് നാമും.

പരിശുദ്ധരുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം യേശുവിന്റെ അമ്മയ്ക്കു തന്നെ. പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും പരിശുദ്ധരാകാം എന്നു ഇതിൽ നിന്നു നാം മനസിലാക്കുന്നു. കുടുംബജീവിതം വെടിഞ്ഞു സന്യാസജീവിതം പാലിക്കുന്നവർക്കേ പരിശുദ്ധരാകാൻ സാധിക്കൂ എന്ന ധാരണ മിഥ്യയാണെന്നും ആ അമ്മയുടെ ജീവിതത്തിൽ നിന്നും നാം മനസിലാക്കുന്നു.



യേശുവിന്റെ അമ്മയുടെ ജീവിതം കല്ലും മുള്ളും നിറഞ്ഞതായിരുന്നു. വിവാഹം നിശ്ചയിച്ച പുരുഷനാൽ ഉപേക്ഷിക്കപ്പെടുവാനും പരസ്യമായി ഒരു ശിക്ഷയേറ്റുവാങ്ങാനുള്ള സാദ്ധ്യതയുണ്ടായിരുന്നു. തന്റെ പുത്രനെ മറ്റുള്ളവർ മറിയാമിന്റെ മകൻ എന്നു വിളിച്ചപ്പോൾ അവർ ആ അമ്മയെ ആക്ഷേപിക്കുകയായിരുന്നു. അപ്പോഴെല്ലാം തന്നെ നിലനിർത്തിയത് താൻ ദർശനത്തിൽ കണ്ട ദൈവദൂതന്റെ ഈ വാക്കുകളാണ്. ദൈവം നിന്നോടു കൂടെ! സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ! താൻ ശപിക്കപ്പെട്ടവളാണെന്നും ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടവളാണെന്നും ഉള്ള സംശയങ്ങളെയെല്ലാം ദൂരീകരിക്കുന്നതായിരുന്നു മാലാഖയുടെ വാക്കുകൾ. ദൈവത്തിലുള്ള ആശ്രയം ഒന്നു മാത്രം കൈമുതലാക്കി ആ അമ്മ ദൈവം നൽകിയ പൈതലിനെ വളർത്തി വലുതാക്കി. മകൻ തന്റെ സ്വന്തമല്ലെന്നും ദൈവം തന്നെ വളർത്താൻ ഏൽപ്പിച്ചിരിക്കുകയാണെന്നും ആ അമ്മയ്ക്ക് നന്നായി അറിയാമായിരുന്നു. തന്നെ ഏൽപ്പിച്ച ജോലി അമ്മ ഉത്തരവാദിത്തത്തോടെ ചെയ്തു. മകനെ ദൈവപൈതലായി ആ അമ്മ വളർത്തിയെടുത്തു. യേശുവിന് പന്ത്രണ്ടു വയസ്സുള്ളപ്പോൾ യെരുശലേം ദൈവാലയത്തിൽ വച്ച് ആ അമ്മയ്ക്ക് മകനെ നഷ്ടപ്പെടേണ്ടതായിരുന്നു. തിരികെ കിട്ടിയെങ്കിലും കുറേ ദിവസങ്ങൾ നഷ്ടത്തിന്റെ വേദന ആ അമ്മ അനുഭവിച്ചു. പ്രായമായിക്കഴിഞ്ഞപ്പോൾ എന്നെന്നേക്കുമായി ആ മകൻ വീട് വിട്ടിറങ്ങിയതും അമ്മയ്ക്ക് വേദനയായി. ഒടുവിൽ തന്റെ മകൻ ഒരു കുറ്റവാളിയെപ്പോലെ ക്രൂശിൽ പിടഞ്ഞുമരിക്കുന്നതും ആ അമ്മയ്ക്ക് കാണേണ്ടിവന്നു.

ഇങ്ങനെ കഷ്ടതകളും വേദനകളും സന്തത സഹചാരികളായി മരണനിഴലിൻ താഴ്വരയിലൂടെ നീങ്ങിയപ്പോഴും ആ അമ്മ ദൈവത്തിലുള്ള ആശ്രയം കൈവിട്ടുകളഞ്ഞില്ല. ആ അമ്മക്ക് നമ്മോടു പറയാനുള്ളത് ഇതാണ്. നോക്കൂ, എന്തുതന്നെ വന്നാലും, ദൈവം കൂടെയുണ്ട് എന്നു അറിയുകയും ദൈവത്തിൽ സർവാത്മനാ അശ്രയിക്കുകയും ചെയ്യണം. കഷ്ടതയോ പട്ടിണിയോ അപമാനമോ ദൈവത്തിൽ നിന്നു നിങ്ങളെ അകറ്റരുത്.

യേശുവിന്റെ അമ്മ നമുക്കെല്ലാം മാതൃകയാണ്. കഷ്ടതകൾ നേരിടുമ്പോൾ നമുക്ക് അമ്മയെ ഓർക്കാം. ജീവൻ വെടിയാം എന്നു തോന്നിപ്പോകുന്ന സന്ദർഭങ്ങളിൽ അമ്മയുടെ ഓർമ്മ നമ്മെ പിന്തിരിപ്പിക്കട്ടെ.

മാതാവേ, പരിശുദ്ധന്മാരേ... ഞങ്ങൾക്കായ് പ്രാർത്ഥിക്കേണമേ!



# അമ്മയെന്ന സ്നേഹസാഗരം...

— കുഞ്ഞുമോൾ മോഹൻ, പുനലൂർ

ദൈവം ദാനമായിതന്ന ഈ ചെറിയ ആയുസിൽ നമുക്കെന്തെല്ലാം അറിയുവാനുണ്ട്. എന്തെല്ലാം ചെയ്തു തീർക്കുവാനുണ്ട്. തിരക്കാണെല്ലാവർക്കും. ആധുനിക സൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ എല്ലാം എളുപ്പമാകുമെന്ന് നാം വെറുതെ ധരിച്ചു. ഉറങ്ങാനുള്ള കിടക്കപോലും തിരക്കിന്റെ വിയർപ്പുമണികളിലൊട്ടിപ്പോകുന്നു. മനുഷ്യന്റെ ഈ അവസ്ഥയെ രസകരമെന്നോ ദുരന്തമെന്നോ എന്തുവിളിക്കണം. ഇതിനിടയിലൊറ്റപ്പെട്ടു പോകുന്ന നാം നമ്മുടെ കണ്ണുകളും മനസും ആത്മാവുമൊക്കെ മറ്റെന്തോ തിരയുന്നു. ഇതിനിടയിൽ നമുക്കു നമ്മെ കാണാനാവുന്നില്ല. നമ്മിലൂടെ നമ്മുടെ കുടുംബത്തെ, സമൂഹത്തെ, രാഷ്ട്രത്തെ, സംസ്ക്കാരത്തെ ആദ്ധ്യാത്മികതയെ ഒന്നും കാണാൻ സാധിക്കുന്നില്ല. നമുക്കു നമ്മെ തന്നെ സംസ്ക്കരിച്ചെടുക്കുവാൻ ചരിത്രബോധം സഹായിച്ചേക്കാം.

ആദ്യം അമ്മയെന്ന മഹാസത്യവും അതിന്റെ ചരിത്രവും അൽപമായി നമുക്കു നോക്കാം. കണ്ടവരെയൊക്കെ അമ്മയെന്നു വിളിക്കുന്ന കാലമാണിത്. ഒരാൾക്ക് ഏതു വിശേഷണവുമാകാം. അമ്മ എന്നതൊഴിച്ച്. കാരണം ഓരോരുത്തർക്കും ഓരോ അമ്മയുണ്ട് എന്നതു തന്നെ. ജനനിയാണമ്മ. ജനിപ്പിച്ചവൾ എന്നർത്ഥം. ആരിൽ നിന്നാണോ ഞാൻ വന്നത് അതു തന്നെയാണ് എന്റെ അമ്മ. അതു മാത്രമാണ് അമ്മ. അർത്ഥങ്ങളെ ഗർഭം ധരിച്ചാണ് വാക്കുകൾ പിറക്കുന്നത്.

അഹ്+മ = അഹ്മ, അഹ് = ഞാൻ, മ= മായ. അഹ്മ ലോപിച്ചാണ് അമ്മയായത്. എന്റെ തന്നെ മറ്റൊരു രൂപം. ഏതു ഗർഭപാത്രത്തിൽ നിന്നാണോ താൻ പിറവി കൊണ്ടത് ആ മഹത്വം പേറിയവൾ മാത്രമാണ് അമ്മ.

മുകളിൽ പറഞ്ഞ രണ്ട് അക്ഷരങ്ങളിലൊതുങ്ങുന്നതാണോ അമ്മയെന്ന ചരിത്ര ഗ്രന്ഥം. അതൊരു വലിയ പദവിയാണ്. ആ ചരിത്രം നമുക്കൊന്നു വായിക്കാം. പൊതുവെ മൂന്ന് വ്യത്യസ്ത ഗുണങ്ങളിൽ പെട്ടവരാണ് മനുഷ്യർ. സാത്വിക ഗുണം, രജോ ഗുണം, തമോഗുണം. ഇതിൽ സ്വാതികഗുണമുള്ളൊരു കുഞ്ഞിന് ജന്മം കൊടുക്കാൻ നോമ്പു നോറ്റവൾ അമ്മ. സ്വാതികൻ പിറക്കാൻ തക്കഭക്ഷണം കഴിച്ചവൾ അമ്മ. പത്തുമാസം കൊണ്ട് ഗർഭസ്ഥനെയോർത്ത് ഒരായിരം സ്വപ്നമെനഞ്ഞവൾ അമ്മ. ലോകത്തിലെ ഏറ്റവും വലിയ വേദന ഏറ്റുവങ്ങി പ്രസവിക്കാൻ കരുത്തുകാട്ടുന്നവൾ അമ്മ. തന്റെ ജീവനുതന്നെ ഭീഷണിയായാലും ധൈര്യത്തോടെ ആ വേദനയെ പുണർന്നവൾ അമ്മ. തന്റെ കുഞ്ഞിന് കൂട്ടുകൂടാൻ വീണ്ടും വീണ്ടും വേദനയെ ഏറ്റുവാങ്ങി പ്രസവിക്കാൻ തയ്യാറായവൾ അമ്മ. സ്വന്തം ഉറക്കത്തിനും രോഗചികിത്സക്കും അവധി കൊടുത്തവൾ അമ്മ. കുഞ്ഞിളം ചുണ്ടിൽ സ്നേഹവാത്സല്യം ചുരത്തിയ പാലിനൊപ്പം ആദ്യാക്ഷരത്തിന്റെ ശക്തി പകർന്നവൾ അമ്മ. കുഞ്ഞിന്റെ ബാലാരിഷ്ടതകളെ കണ്ണീർ തുള്ളികൊണ്ട് സൗഖ്യമാക്കുന്നവൾ അമ്മ. നമ്മുടെ രണ്ടുപാദങ്ങളും പിടിച്ച് ഒരായിരം മുത്തം വച്ച് ബഹുമാനിച്ചവൾ അമ്മ. താങ്ങായി, തണലായി, വൻമരമായ്, മാലാഖയായി, ഡോക്ടറായി, വക്കീലായി, ദാസിയായി, മന്ത്രിയായി ഒരു നറുനിലാവായി കൂടെ നിന്നവൾ അമ്മ. അന്ന് ഓരോ കുഞ്ഞും കരുതി എന്റെ അമ്മ എനിക്കു മാത്രമുള്ളത്. ആർക്കും കൊടുക്കില്ല, ഞാൻ എന്റെ അമ്മയെ.

ഒരു കുഞ്ഞു കഥയിൽ കൂടി ഈ മഹാസമുദ്രത്തിന്റെ വറ്റാത്ത സ്നേഹത്തിന്റെ മഹിമ ഞാൻ ഉദാഹരിക്കുന്നു. "ഒരു ഭർത്താവിനോട് തന്റെ ഭാര്യ ഒരു വ്യവസ്ഥ വച്ചു. നിങ്ങളുടെ അമ്മയുടെ ശിരസറുത്ത് എന്റെ മുന്നിൽ കാണിച്ചാൽ ഞാൻ നിങ്ങളെ സ്നേഹിക്കാം." കടലിനും ചെകുത്താനുമിടയിൽ അകപ്പെട്ട ഭർത്താവ് മനസില്ലാ മനസ്സോടെ തന്റെ അമ്മയുടെ ശിരസ്സറുത്ത് താലത്തിൽ വച്ചു. അപ്പോൾ ആ നാവു സംസാരിച്ചതിങ്ങനെ "മോനെ, നീ അത്താഴം കഴിച്ചോ?" എല്ലാ മതങ്ങളും സംസ്ക്കാരങ്ങളും അമ്മയെന്ന മഹാമേരുവിന് വലിയ പദവി എക്കാലത്തും കൊടുത്തിരുന്നു. ഭൂമിയിൽ എല്ലായിടവും പോയി ന്യായപാലനം നടത്തുവാൻ ദൈവത്തിനു സമയമില്ലാത്തതിനാൽ ഭൂമിയിൽ അമ്മമാരെ സൃഷ്ടിച്ചിരിക്കുന്നു എന്ന് ഖുർ–ആൻ സാക്ഷിക്കുന്നു. ഇതിനെക്കാൾ വലിയ പദവി ലഭിച്ച ദൈവ മാതാവിനെ വിശുദ്ധ വേദപുസ്തകവും കാണിച്ചു തരുന്നു. ഇതൊക്കെ എല്ലാ മക്കൾക്കും അറിയാമെന്നിരിക്കെ, കണ്ണടച്ചിട്ട് ഇവിടെ ഇരുട്ടാണെന്നു പറഞ്ഞു തപ്പിത്തടയുന്ന ഒരു സമൂഹത്തെ ഇന്നു നാം കാണുന്നു.

സ്വന്തം മക്കളെ വളർത്താനായി ആരെയോ ഏല്പിക്കുന്ന മാതാപിതാക്കളെയും മാതാപിതാക്കളെ നോക്കാൻ ആരെയോ ഏല്പിക്കുന്ന മക്കളെയും ഏകദേശം ഇരുപതു വർഷത്തോളമായി നാം കാണുന്നു. ഇക്കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾ – **The decade of the unwanteds** എന്നു വിശേഷിപ്പിക്കാവുന്ന തലത്തിലേക്ക് എത്തി. വഴിയിലുപേക്ഷിക്കപ്പെട്ട ശിശുക്കളെയും ഉറുമ്പരിച്ച നിലയിൽ വൃദ്ധമാതാക്കളെയും കണ്ടുമുട്ടിയതും നാം തന്നെ. ഒരു വശത്ത് മക്കളെയും മറു വശത്ത് വൃദ്ധമാതാക്കളെയും നാം വിറ്റുകളഞ്ഞു. *(ശേഷം 10–ാം പേജിൽ...)*



# ശാന്തസമയം

— ജോൺ പി. ജോർജ്ജ്

ദൈവം തന്റെ വേലയ്ക്കായി വിശേഷപ്പെട്ട രീതിയിൽ ഉപയോഗിച്ചവരെല്ലാം ദൈവവുമായി ദൃഢബന്ധമുള്ളവരായിരുന്നു. "ശാന്തസമയം" എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തോടു കൂടെയായിരിക്കുവാൻ മാത്രമായി ഓരോ ദിവസവും നമുക്ക് കണ്ടെത്തുവാൻ സാധിക്കുന്ന സമയമാണ്. "ശാന്തസമയം" എന്നതിന്റെ ഉദ്ദേശ്യം ദൈവത്തെപ്പറ്റി പഠിക്കുക എന്നതല്ല, അവനോടുകൂടെ ആയിരിക്കുക എന്നതാണ്.

ഈ പദം വി. വേദപുസ്തകത്തിൽ കാണുന്നില്ല എങ്കിലും അത് ദൈവഹിതത്തിൽപ്പെട്ടതാണെന്ന് പൂർവ്വപിതാക്കന്മാർ മനസ്സിലാക്കിയിരുന്നുവെന്നതിനുള്ള പരാമർശങ്ങൾ അതിൽ കാണുവാൻ കഴിയും. അവയിൽ നിന്നും ക്രോഡീകരിച്ച ചില ചിന്തകളാണ് ഇവിടെ വിഷയമാക്കിയിരിക്കുന്നത്.

## ശാന്തസമയം ക്രിസ്തീയ ജീവിതത്തിൽ എന്തുകൊണ്ട് വളരെ പ്രാധാന്യമുള്ളതായിരിക്കുന്നു?

ആത്മീക വളർച്ചയ്ക്കുതകുന്നു (എഫേ. 4: 14,15) ഉപദേശങ്ങൾ നമ്മിലേക്ക് സ്വാംശീകരിക്കുവാൻ കഴിയുമ്പോഴാണ് ആത്മീക വർദ്ധനയുണ്ടാകുന്നത് യേശു തന്നെ അനുഗമിച്ചിരുന്നവരെ "ശിഷ്യന്മാർ" എന്നാണ് വിളിച്ചിരുന്നത്. ശിഷ്യന്മാർ എന്നതിന് തുല്യമായ യവനപദം "പരിശീലനം നേടുന്നവൻ" എന്നതാണ്.

അതായത് ഒരു ശിഷ്യൻ പുതിയ കാര്യങ്ങൾ പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു.



ശാന്തസമയം ഈ ലക്ഷ്യത്തിന് വളരെ സഹായകരമാണ്. ആത്മീക ജീവന് മെച്ചപ്പെട്ട പോഷണത്തിനുതകുന്നു (വി. മത്തായി 4:4.) നമ്മുടെ ഭൗതിക ജീവിതത്തിൽ നമുക്ക് ദൈനംദിന ജീവിത രീതികൾ ഉള്ളതുപോലെ ആത്മീക ജീവിതത്തിലും ക്രമീകരണങ്ങൾ ആവശ്യമാണ്. അവയെ മെച്ചപ്പെട്ടവ ആക്കാൻ ശാന്തസമയത്തെ പരിശീലനം മൂലം സാധിക്കുന്നു.

ദൈവത്തെ നാം സ്നേഹിക്കുന്നു എന്നതിന്റെ പ്രതിഫലനം (വി. യോഹ. 14:15) ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവന്റെ കല്പനകളെ പ്രമാണിക്കുക എന്നതാണ്. ദൈവവും നാമും തമ്മിലുള്ള ബന്ധം സ്നേഹബന്ധം ആണ് എന്ന് നാം മനസ്സിലാക്കുമ്പോൾ ക്രിസ്തീയ ജീവിതത്തിൽ അനുഭവപ്പെടാവുന്ന ആവർത്തന വിരസതയും വൈമുഖ്യവും അപ്രത്യക്ഷമാകും. നാം അവനെ സ്നേഹിക്കുവാൻ തുടങ്ങുമ്പോൾ നാമല്ല അവനാണ് നമ്മെ ആദ്യം സ്നേഹിച്ചത് എന്ന് ഓർക്കുക (1 യോഹ 4:19).

## ക്രിസ്തീയ ജീവിതത്തിൽ ശാന്തസമയത്തിന്റെ ആവശ്യകത എന്താണ്?

ദൈവവുമായുള്ള കൂട്ടായ്മക്കായി നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (ഉല്പത്തി 1:27, 2:7, 3:8) ദൈവം അത് നമ്മിൽ നിന്നും ആഗ്രഹിക്കുകയും ചെയ്യുന്നു (വെളി 3:20). യേശുവിന്റെ കാൽവറി മരണം ദൈവവുമായുള്ള ബന്ധത്തിൽ തിരികെയാക്കുവാൻ വേണ്ടിയാണ് (1 കൊരി 1:9). ഏത് സാഹചര്യത്തിലും പിതാവുമായുള്ള പുത്രൻ തമ്പുരാന്റെ വ്യക്തിഗതബന്ധം അവന്റെ ഊർജ്ജ സ്രോതസായിരുന്നു (മർക്കോസ് 1:33, വി. ലൂക്കോസ് 5:16, 22:39) തന്റെ വേല ഫലപ്രദമായി നിവർത്തിച്ചവരെല്ലാവരും ഈ സ്വഭാവം രൂപപ്പെടുത്തിയവരായിരുന്നു.

ഫലവത്തായ ഒരു ക്രിസ്തീയ ജീവിതം ദൈവീക കൂട്ടായ്മയുടെ അഭാവത്തിൽ സാധ്യമല്ല (വി. മത്തായി 4:4, ഇയ്യോബ് 23:12, സങ്കീ: 119:9).

ദൈവഭക്തിയുടെ ഫലം (2 ദിന: 31:21, സങ്കീ 29:2). നമ്മുടെ ദൈവത്തോടുള്ള ഭക്തിക്ക് ദൈവം യോഗ്യനാകുന്നു (വെളി. 4:11). ദൈവഭക്തി ദൈവം ആഗ്രഹിക്കുന്നു (വി. യോഹ 4:23) നമുക്ക് ദൈവ നടത്തിപ്പ് ലഭിക്കുവാൻ വേണ്ടി (സങ്കീ 25:4) ദൈവീക സന്തോഷം പ്രാപിക്കുവാൻ വേണ്ടി (സങ്കീ. 16:11, 37:4) ദൈവത്തിന്റെ അനുകാരിയായി വളരുവാൻ വേണ്ടി (അപ്പോ. പ്ര 4:13, 2 പത്രോസ് 1:4).


50th Wedding Anniversary



Very Rev. Fr. K.T. Mathai Cor-Episcopa
& Mrs. Rachel Mathai

Our dear Papa & Mummy celebrated their 50th Wedding Anniversary on 10th July 2017 by the Grace of God. May the abundant blessings of the Almighty God be with them for years to come...

Inserted by:
Shibu Nainan, Mini, Basil & Gregory

# മാർ കുര്യാക്കോസ് സഹദായുടെ ചരിത്രം



യൂലിത്തീ എന്ന – മുന്തിരിതലപെറ്റ വാഴ്‌വിൻ പൂകുലയേവാദത്തിൽ
ക്രിസ്തോതരനാം – മന്നനെ വീഴ്ത്തിയ ശിശുവീരാ
ആദിയിലമ്മയ്ക്കതിധൈര്യം – നൽകിയ മാർ കുരിയാക്കോസേ
ഓർക്കണമേ – ഞങ്ങളെയെന്നാളും

— ബിനു കുഞ്ചാറ്റിൽ

മാർ ഗീവർഗീസ് സഹദായെപ്പോലെ ഡയോക്ലീഷൻ ചക്രവർത്തിയുടെ പീഡനകാലത്താണ് (AD 284 - 305) മാർ കുരിയാക്കോസും, മാർ യൂലിത്തിയും രക്തസാക്ഷികളാകുന്നത്. വിധവയായ യൂലിത്തി, ലൈക്കോനിയ എന്ന സ്ഥലത്തെ ഒരു കുലീന ക്രിസ്തീയ കുടുംബത്തിലുള്ളവൾ ആയിരുന്നു. ഗവർണറായ അലക്സാണ്ടർ കൊടിയ ക്രിസ്തീയ വിരോധിയായിരുന്നു. മൂന്നു വയസ്സുള്ള കുരിയാക്കോസിനേയും കൂട്ടി അവർ പാലായനം ചെയ്തു. അന്ത്യോഖ്യയിലെ തർസൂസ് പട്ടണത്തിൽ അവർ എത്തിയപ്പോൾ അവർ കണ്ടുപിടിക്കപ്പെട്ടു. രണ്ടുപേരും ഗവർണറുടെ മുൻപിൽ ഹാജരാക്കപ്പെട്ടു. യൂലിത്തിയെ അലക്സാണ്ടർ വിചാരണ ചെയ്തു. വിചാരണയിൽ പതറാതെ യൂലിത്തി താൻ ക്രിസ്ത്യാനി ആണെന്നും മരണം വരെ ക്രിസ്തുവിനെ ഉപേക്ഷിക്കില്ലെന്നും വെളിപ്പെടുത്തി. യൂലിത്തിയെ പീഢനത്തിനായി ഗവർണർ ഏൽപ്പിച്ചു കൊടുത്തു. ഇത് കണ്ട കുട്ടി താൻ ഒരു ക്രിസ്ത്യാനിയാണെന്നും തനിക്കു അമ്മയുടെ കൂടെ പോകണം എന്നു വിളിച്ചു പറഞ്ഞു. കുപിതനായ അലക്സാണ്ടർ യൂലിത്തിയുടെ മുന്നിൽ വെച്ചു തന്നെ മൂന്നു വയസ്സുള്ള കുര്യാക്കോസിനെ എടുത്ത് നിലത്തടിക്കുകയും പടികളിലൂടെ കാല് കൊണ്ട് തൊഴിച്ച് ഉരുട്ടിവിടുകയും ചെയ്തു. തലയോട് തകർന്നും എല്ലുകൾ നുറുങ്ങിയും കുഞ്ഞു കുര്യാക്കോസ് അപ്പോൾ തന്നെ അന്ത്യശ്വാസം വലിച്ചു.

ഇത് കണ്ടുനിന്ന യൂലത്തി അല്പം പോലും പതറാതെ, തന്റെ മകൻ സഹദേന്മാരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടതിനാൽ ദൈവത്തെ സ്തുതിക്കുന്നു എന്ന് ഉച്ചത്തിൽ പറഞ്ഞു. കുപിതനായ ഗവർണ്ണർ യൂലിത്തിയുടെ ശരീരത്തിലെ രണ്ടു വശങ്ങളും കൊളുത്തിവലിക്കാൻ ഉത്തരവിട്ടു. ഇപ്രകാരമുള്ള കൊടിയ പീഢനങ്ങൾക്കു ശേഷം യൂലിത്തിയെ തല അറുത്തു കൊന്നു.

മഹാനായ കൊൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ എ..ഡി. 337–ൽ രണ്ടു പേരുടേയും തിരുശേഷിപ്പുകൾ കണ്ടെടുക്കപ്പെടുകയും കുസ്തന്തീനോസ് പോലീസിലെ ഒരു ആശ്രമത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. മാർ കുരിയാക്കോസ് സഹദായുടേയും അമ്മയായ മാർ യൂലിത്തിയുടേയും ഓർമ്മ ജൂലൈ 15ന് സഭ കൊണ്ടാടുന്നു.

തന്റെ മകനെ ചെറുപ്പം മുതൽ ഉറച്ച വിശ്വാസത്തിൽ വളർത്തികൊണ്ടു വരുവാൻ യൂലിത്തി കാണിച്ച ഉത്സാഹം നമുക്ക് മാതൃകയാണ്. കൂടാതെ സ്വന്തം മകൻ മരിച്ചു വീഴുന്നത് കണ്ടിട്ടും കൊടിയ പീഡനങ്ങൾ ഏറ്റിട്ടും ക്രിസ്തുവിനെ തള്ളി പറയാതെ മരണം വരിച്ച യൂലിത്തിയുടെ ധൈര്യവും സ്ഥൈര്യവും നമുക്ക് ഓർമ്മിക്കാം. ഉറച്ച ക്രിസ്തീയ അപ്പോസ്തോലിക വിശ്വാസത്തിൽ നിലനിൽക്കാൻ മാർ കുര്യാക്കോസിന്റെയും മാർ യൂലിത്തിയുടേയും പ്രാർത്ഥന നമുക്ക് കോട്ടയും അഭയവും ആയിരിക്കട്ടെ.

പരിശുദ്ധ പരുമല തിരുമേനിയുടെ അരുമശിഷ്യനായിരുന്ന പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് തന്റെ ഗുരുനാഥനിൽ നിന്നും ലഭിച്ചിരുന്ന വി. കുര്യാക്കോസ് സഹദായുടെ തിരുശേഷിപ്പ് സഹദായുടെ നാമധേയത്തിലുള്ള ഒരു പള്ളിയിൽ സ്ഥാപിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ആ വിശുദ്ധന്റെ തിരുശേഷിപ്പ് സ്ഥാപിക്കുവാൻ അദ്ദേഹം കണ്ടെത്തിയ ദൈവാലയം മനപ്പിള്ളി സെന്റ് കുര്യാക്കോസ് ചാപ്പൽ ആയിരുന്നു. വി. കുര്യാക്കോസ് സഹദായുടെ തിരുശേഷിപ്പിന്റെ മഹാത്മ്യത്തെപ്പറ്റി പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവായുടെ വചസ്സുകളിൽ നിന്ന്, “ഇത് മൂന്നു വയസ്സു മാത്രം പ്രായമുള്ള പരിശുദ്ധന്റെ തിരുശേഷിപ്പ് ആണ്. നിങ്ങൾ അപ്രിയമായി പെരുമാറരുത്. ഈ അമൂല്യ വസ്തു ഇവിടെ പ്രതിഷ്ഠിക്കുന്ന പക്ഷം ഈ പരിസരത്തുള്ള എല്ലാ കുടുംബത്തിനും ക്ഷേമ–ഐശ്വര്യങ്ങളും പുരോഗതിയും ഉണ്ടാകും. ഈ നാടിനും നാട്ടുകാർക്കും വിലമതിക്കാനാവാത്ത അനുഗ്രഹമായിരിക്കും. ഈ ചാപ്പലിന്റെ നടത്തിപ്പിൽ നിങ്ങൾക്ക് യാതൊരു പ്രതിബന്ധങ്ങളും ഉണ്ടാവുകയില്ല”. പിതാവിന്റെ വാക്കുകൾ ഇന്നും അക്ഷരംപ്രതി ഫലിച്ചിരിക്കുന്നു.

നമ്മുടെ സഭയിൽ നിരവധി ദൈവാലയങ്ങൾ ഈ പരിശുദ്ധന്റെ നാമത്തിലുണ്ട്.

## അമ്മയെന്ന സ്നേഹസാഗരം...

(...8–ാം പേജിൽ തുടർച്ച)

“ഞാൻ നിങ്ങളുടെ അമ്മയെ ഉപേക്ഷിച്ചതിന്റെ ഉപേക്ഷണപത്രം എവിടെ. എന്റെ കടക്കാരിൽ ആർക്കാകുന്നു ഞാൻ നിങ്ങളെ വിറ്റുകളഞ്ഞു. നിങ്ങളുടെ അകൃത്യത്താൽ നിങ്ങൾ നിങ്ങളെതന്നെ വിറ്റുകളഞ്ഞതു നിങ്ങളുടെ ലംഘനത്താൽ നിങ്ങളുടെ അമ്മ ഉപേക്ഷിക്കപ്പെട്ടുമിരിക്കുന്നു”. ഇപ്രകാരം യഹോവ അരുളിച്ചെയ്യുന്നു (യെശയ്യ 50:1). സുന്ദരിയായിരുന്ന അമ്മയ്ക്ക് നരയും ജരയും രോഗവും അന്ധതയുമൊക്കെ ബാധിച്ച് ഒരു പഴന്തുണിക്കെട്ടായപ്പോൾ നെഞ്ചോടു ചേർക്കേണ്ട മക്കൾ പഠിക്കണം ചരിത്രം, അമ്മയെന്ന ചരിത്രപുസ്തകം (ഇതിലേറെപ്പറയുവാനുണ്ട് അച്ഛനെന്ന വൻമരത്തെപ്പറ്റിയും. വിസ്താരഭയത്താൽ തുടരുന്നില്ല) ഒടുവിൽ പടുവൃക്ഷത്തിന്റെ തൊലിപ്പുറം പോലെ വൃദ്ധമാതാക്കൾ ആയിത്തീരുമ്പോൾ സുഖിക്കണം നമുക്ക് ആ വാർദ്ധക്യത്തിന്റെ ഗന്ധം. ഓർക്കണം എന്നും. ജനിച്ചപ്പോൾ ഒരിറ്റുപാലിന് അമ്മയെ തേടിയത് അമ്മയുടെ ഗന്ധം മാത്രമറിഞ്ഞ്. ആ വാർദ്ധക്യത്തെ പുണരണം. നെഞ്ചോടു ചേർത്ത് ആ നിശ്വാസത്തിന്റെ ചൂടു നാമേൽക്കണം. അമ്മ ചരിത്രം മാത്രമല്ല, ഇതിഹാസമാണ്. മറവിയാകുന്ന ചവറ്റുകൊട്ടയിൽ തള്ളരുത് ആ ചരിത്രത്തെ. പകരണം തലമുറതലമുറയായ്. ജ്വലിപ്പിക്കണം അഗ്നിയായ്. മൺമറഞ്ഞു പോയാലും ആ ചരിത്രഗ്രന്ഥം വായിക്കണം. എന്നും വിശുദ്ധഗ്രന്ഥങ്ങൾക്കൊപ്പം.





## സഭയിലെ ഒന്നാം കാതോലിക്കാ



### മോറാൻ മോർ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ (മുറിമറ്റത്തിൽ ബാവാ)

മലങ്കരയിലെ ഒന്നാം കാതോലിക്കാ! കോലഞ്ചേരി മുറിമറ്റത്തിൽ തറവാട്ടിൽ കുര്യന്റേയും മറിയത്തിന്റേയും മകനായി 1836 ജനുവരി 17–നു ജനിച്ചു. 1843–ൽ ശെമ്മാശസ്ഥാനവും, 1852–ൽ കശീശസ്ഥാനവും സ്വീകരിച്ചു. 1877 മേയ് 17–നു കുന്നംകുളം ചെറളയം പള്ളിയിൽ വെച്ച് പത്രോസ് തൃതീയൻ പാത്രിയർക്കീസിൽ നിന്നും ഈവാനിയോസ് എന്ന പേരിൽ മെത്രാനായി കണ്ടനാടു ഭദ്രാസനത്തിന്റെ ചുമതലയേറ്റു. ജീവിത വിശുദ്ധി, നോമ്പ്, ഉപവാസം, ജാഗരണം എന്നിവയിൽ കർശനമായ നിഷ്കർഷത പാലിച്ച പിതാവായിരുന്നു അദ്ദേഹം. സത്യസന്ധത, നീതിനിഷ്ഠ, സ്വതസിദ്ധമായ ഭക്തി തീഷ്ണത, ദയാവായ്പോടെയുള്ള പെരുമാറ്റം എന്നിവ അദ്ദേഹത്തിന്റെ പ്രത്യേകതകൾ ആയിരുന്നു.

അഭിപ്രായ ധീരതയുള്ള വ്യക്തി ആയിരുന്നു പരിശുദ്ധ പിതാവ്. അബ്ദുള്ളാ പാത്രിയർക്കീസ്, വട്ടശേരിൽ മാർ ദിവാന്നാസ്യോസിനെ മുടക്കിയപ്പോൾ അതുശരിയല്ല മുടക്കു പിൻവലിക്കാത്തപക്ഷം ദിവന്നാസ്യോസിന്റെ കൂടെ നിൽക്കുമെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല ഏൽക്കുമ്പോൾ ആകെ 21 പള്ളികൾ മാത്രമായിരുന്നു. പുതിയതായി പല പള്ളികളും സ്ഥാപിക്കുകയും പഴയ പല പള്ളികളും പുതുക്കിപണിയുകയും ചെയ്തു. ഏകദേശം 100–ൽ പരം കശീശന്മാരെയും, ശെമ്മാശന്മാരെയും വാഴിച്ചു. സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു. പല പള്ളികളിലും നിലനിന്നിരുന്ന ദുരഃചാരങ്ങൾ ഇല്ലാതാക്കി. കോലഞ്ചേരി, കിങ്ങിണിമറ്റം എന്നീ സ്ഥലങ്ങളിൽ സ്ക്കൂളുകൾ സ്ഥാപിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു.

കണ്ടനാടു ഭദ്രാസനത്തിന്റെ വകയായുള്ള മുവാറ്റുപുഴ അരമനപറമ്പ്, പിറവം സെമിനാരി പറമ്പ്, ചാത്തമറ്റത്തുള്ള ചേരിക്കൽ എന്നിവയെല്ലാം അദ്ദേഹം സഭയ്ക്കുവേണ്ടി സമ്പാദിച്ചവയാണ്. ഏറ്റവും വലിയ നേട്ടം മലങ്കരയിലെ കാതോലിക്കേറ്റാണ്. മലങ്കരയിലെ ആദ്യത്തെ കാതോലിക്കാ എന്ന സ്ഥാനം വഹിക്കുവാൻ മുറിമറ്റത്തിൽ മാർ ഇവാനിയോസിനെ ദൈവം തിരഞ്ഞെടുത്തു. 1912 സെപ്റ്റംബർ 14–ന് നിരണം പള്ളിയിൽ വെച്ച് അബ്ദുൾ മശിഹാ പാത്രിയർക്കീസ് അദ്ദേഹത്തെ കിഴക്കിന്റെ കാതോലിക്കാ ആയി അവരോധിച്ചു. 1913 മേയ് 2–ന് പാമ്പാക്കുട ചെറിയ പള്ളിയിൽ വെച്ച് അദ്ദേഹം കാലം ചെയ്തു. പരിശുദ്ധ പിതാവ് പാമ്പാക്കുട സെന്റ് തോമസ് പള്ളിയിൽ കബറടങ്ങിയിരിക്കുന്നു.

## സഭയിലെ രണ്ടാം കാതോലിക്കാ



### മോറാൻ മോർ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ

കോട്ടയം ഭദ്രാസനത്തിലെ സെന്റ് ജോൺസ് ഇടവകയിൽ വള്ളിക്കാട്ടു കാരുചിറയിൽ പുന്നച്ചന്റേയും ഉണ്ണിച്ചിയമ്മയുടേയും പുത്രനായി 1870 ജനുവരി 13–ന് ജനിച്ചു. ഗീവർഗ്ഗീസ് എന്നായിരുന്നു പേര്. കുടുബാംഗമായ കളപ്പുരയ്ക്കൽ പൗലോസ് കത്തനാരിൽ നിന്ന് വൈദീക വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾ പഠിച്ചു. 1886 ജൂൺ 13–ന് ശെമ്മാശ്ശപട്ടം സ്വീകരിച്ചു. സെമിനാരി പഠനം പൂർത്തിയാക്കിയ ശെമ്മാശൻ കടവിൽ മാർ അത്താനാസ്യോസിന്റെ പ്രൈവറ്റ് സെക്രട്ടറിയായി. 1896 ഓഗസ്റ്റ് 11ന് കശ്ശീശ ആയി. ഓഗസ്റ്റ് 21–നു ഗീവർഗ്ഗീസ് റമ്പാൻ എന്ന പേരിൽ മലങ്കര സഭയുടെ പൊതുധാരയിൽ ലയിച്ചു. 18 വർഷം കടവിൽ തിരുമേനിയെ ശുശ്രൂഷിച്ചും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രാവൃത്തികമാക്കിയും കഴിഞ്ഞു. ആലുവയിൽ ഒരു സഭാകേന്ദ്രം ഇല്ലല്ലോ എന്ന പ്രയാസം കടവിൽ തിരുമേനിയെ അലട്ടി. അതറിഞ്ഞ ശിഷ്യൻ ഗുരുവിന്റെ അന്ത്യാഭിലാഷം സാധിതമാക്കാൻ അരമന നിർമ്മാണ കമ്മിറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ചു. നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചു.

1906, 1907 വർഷങ്ങളിൽ ഗീവർഗ്ഗീസ് റമ്പാൻ പ്രസിദ്ധീകരിച്ച “സഭാപഞ്ചാംഗം” എന്ന ലഘു ഗ്രന്ഥം അമൂല്യമായ ഒരു ചരിത്രരേഖയാണ്. ഭരണ ക്രമീകരണത്തിനു മെത്രാന്മാർ ആവശ്യം എന്നു കണ്ടപ്പോൾ ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വെച്ചു 1913 ഫെബ്രുവരി 9–ാം തീയതി 44–ാം വയസ്സിൽ പീലക്സിനോസ് എന്ന പേരിൽ മെത്രാപോലിത്താ ആയി വാഴിക്കപ്പെട്ടു. അദ്ദേഹം കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളുടെ അധിപനായി അവരോധിക്കപ്പെട്ടു. സഭാപ്രതിസന്ധി ഒഴിവാക്കുവാൻ കാതോലിക്കാ സ്ഥാനം ഏറ്റെടുക്കുവാൻ പീലക്സിനോസ് തിരുമേനി നിർബന്ധിതനായി. 1925, ഏപ്രിൽ 30–ാം തീയതി നിരണം സെന്റ് മേരീസ് പള്ളിയിൽ വെച്ച് ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കയായി വാഴിക്കപ്പെട്ടു.

കാതോലിക്കാ ബാവാ ആദ്യമായി സഭാംഗങ്ങളെ അഭിസംബോധന ചെയ്തു കൊണ്ടു അയച്ച ഇടയലേഖനം ചരിത്രത്തിലെ ഒരു അമൂല്യരേഖയാണ്. വള്ളിക്കാട്ടു ദയറാ വേദാഭ്യാസനശാലയാക്കി. നിരവധി ദേവാലയങ്ങളും ഒരു സ്ക്കൂളും അദ്ദേഹം സ്ഥാപിച്ചു. 1928 ഡിസംബർ 17–ാം തീയതി പരിശുദ്ധ പിതാവ് കാലം ചെയ്തു. വള്ളിക്കാട്ടു ദയറയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

— Compiled by: Grecy Mathew



# വിശുദ്ധ കുർബ്ബാന
## ഒരു പഠനം

— ഫാ. സജി കുര്യാക്കോസ് വർഗ്ഗീസ്

**വി. കുർബ്ബാനയെപ്പറ്റിയുള്ള ഒരു ലഘുപഠനമാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. വി. കുർബ്ബാന എന്തെന്നും അതിന്റെ വേദപുസ്തകാടിസ്ഥാനം, വി. കുർബ്ബാനയിലെ പ്രതീകങ്ങളുടെ അർത്ഥം, വി. കുർബ്ബാനയിൽ എങ്ങനെ സംബന്ധിക്കണം, വി. കുർബ്ബാന അനുഭവത്തിന്റെ പ്രയോജനം എന്നിവയെ ലളിതമായി പ്രതിപാദിക്കുവാനാണ് ശ്രമിക്കുന്നത്. ക്രിസ്തീയ വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിന്റെയും സ്നേഹത്തിന്റെയും മുഖാന്തിരമാണ് വി. കുർബ്ബാന. ആരാധനയുടെ അന്ത:സത്ത ഉൾക്കൊള്ളുന്ന ഉന്നതാവിഷ്ക്കരണമാണ് വി. കുർബ്ബാന. ആരാധനയുടെ മകുടമായ വി. കുർബ്ബാനയുടെ സ്വർഗ്ഗീയ മഹത്വവും ആനന്ദവും അറിയുവാനും രുചിക്കുവാനും കഴിയണമെങ്കിൽ അതിലുള്ള അർത്ഥപൂർണ്ണമായ പങ്കാളിത്തത്തിലൂടെ അനുഭവവേദ്യമാക്കിയാലെ സാധിക്കൂ.**

### വി. കുർബ്ബാന ആരാധനയുടെ കേന്ദ്രവും മകുടവുമാണെന്ന് പറയുവാൻ കാരണം

- വി. കുർബ്ബാനയിലൂടെ നാം ദൈവത്തിനു പരമമായ ബഹുമാനവും മഹത്വവും നൽകുന്നു.
- നമുക്കു വേണ്ടിയുള്ള തന്റെ എല്ലാ അനുഗ്രഹങ്ങൾക്കു വേണ്ടിയും പ്രത്യേകിച്ച് സൃഷ്ടി, വീണ്ടെടുപ്പ് ശുദ്ധീകരണം എന്നിവയ്ക്കു വേണ്ടി ദൈവത്തിനു നന്ദി അർപ്പിക്കുന്നു.
- വി. കുർബ്ബാനയിൽ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി നാം പ്രാർത്ഥിക്കുന്നതോടൊപ്പം വാങ്ങിപ്പോയവർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നു.
- വി. കുർബ്ബാനയിലൂടെ ക്രിസ്തുവിനെ നമുക്കായി നൽകപ്പെടുന്നു. ക്രിസ്തുവിലൂടെ മറ്റെല്ലാ കൃപകളും നമുക്ക് ലഭിക്കുന്നു (വി. യോഹ 6:53–54)
- വി. കുർബ്ബാന കർത്താവിന്റെ തിരുബലിയിൽ നാം പങ്കാളികളായിത്തീരുന്നതിനുള്ള ഒരു കൂദാശയാണ്. കുർബ്ബാന എന്ന വാക്കിന് കാഴ്ച സമർപ്പണം, ബലിയർപ്പണം, ബലി എന്നീ അർത്ഥങ്ങളുണ്ട്.

വി. കുർബ്ബാന ബലിയാണ്. യേശുക്രിസ്തുവിന്റെ വാക്കുകളിൽ നിന്നും വി. കുർബ്ബാന വിശ്വാസികൾക്കു വേണ്ടി ദൈവത്തിനു സമർപ്പിക്കുന്ന യാഗമാണെന്നു കാണാം (യോഹ 6:51, മത്താ 26:28, മർക്കോ 14:24, ലൂക്കോ 22:20) വി. കുർബ്ബാന പിതാവിനുള്ള സ്തോത്രാർപ്പണമാണ് (എവുക്കാറിസ്തീയ) ദൈവരാജ്യത്തിന്റെ സാക്ഷാത്കാരത്തിനും ദൈവം ചെയ്യുന്ന സകലത്തിനു വേണ്ടിയും പിതാവാം ദൈവത്തിനു നന്ദി അർപ്പിക്കുന്നതാണ് വി. കുർബ്ബാന.

വി. കുർബ്ബാന വിവാഹ വിരുന്നാണ്. കർത്താവ് ദൈവരാജ്യത്തെ വിവാഹ വിരുന്നിനോട് ഉപമിച്ചിട്ടുണ്ട് (മത്താ 22:2). വി. കുർബ്ബാന അനുസ്മരണമാണ്. ഭൂമിയിൽ ജാതം ചെയ്ത് ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഓർമ്മയാണ്. വി. കുർബ്ബാന ജീവന്റെ അപ്പമാണ്. വി. കുർബ്ബാന അർപ്പിക്കുന്നത് പ. സഭയാണ്. ആയതു പുരോഹിതനും ജനങ്ങളും ഒരുമിച്ചാണ് വി. കുർബ്ബാന അർപ്പിക്കുന്നത്. ഒരു ക്രിസ്ത്യാനിയുടെ ജീവിതം മുഴുവനും വി. കുർബ്ബാനയ്ക്കു വേണ്ടിയുള്ള ഒരുക്കമായിരിക്കണം. ശരിയായ ഒരുക്കം കൂടാതെ വി. കുർബ്ബാനയിൽ അർത്ഥപൂർണ്ണമായി പങ്കെടുക്കുവാനും അതിൽ നിന്നുള്ള ആഴമായ അനുഭവങ്ങളും ദർശനങ്ങളും ഉൾക്കൊള്ളാനും കഴിയുകയില്ല. ഈ ഒരുക്കത്തിനു പരിശുദ്ധാത്മ സഹായം ആവശ്യമാണ്. ആകയാൽ സ്വയപരിശോധന, വിശുദ്ധി, ഉപവാസം, പ്രാർത്ഥന, അനുതാപം, ക്ഷമ, ലൗകീക കാര്യങ്ങളിൽ നിന്നുള്ള വേർപാട് ഇവയെല്ലാം വി. കുർബ്ബാന സംബന്ധത്തിന് അനിവാര്യമായ ഒരുക്കത്തിനു ആവശ്യമാണ്.

വി. കുർബ്ബാനയെ പൊതുവെ മൂന്നു ഭാഗങ്ങളായി തിരിക്കാം:

1. **രഹസ്യമായ ഒരുക്ക ശുശ്രൂഷ (തൂയോബോ)**
2. **പരസ്യമായ ഭാഗം**
3. **രഹസ്യമായ സമാപന ശുശ്രൂഷ**

രഹസ്യമായ ഒരുക്ക ശുശ്രൂഷയ്ക്കു രണ്ട് ഭാഗങ്ങളുണ്ട്:

- ത്രോണോസിൽ അപ്പവീഞ്ഞുകൾ ഒരുക്കി വയ്ക്കുന്ന മൽക്കിസദേക്കിന്റെ ക്രമം.
- പുരോഹിതൻ അംശവസ്ത്രങ്ങൾ ധരിച്ച് നടത്തുന്ന അഹറോന്റെ ക്രമം.

മൽക്കിസദേക്ക് അപ്പവീഞ്ഞുകൾ കാഴ്ച വച്ച് ബലിയർപ്പിച്ചതുപോലെ ഈ ക്രമത്തിലെ ഏറ്റവും പ്രധാന ശുശ്രൂഷ വി. ത്രോണോസിൽ അപ്പവും വീഞ്ഞും ഒരുക്കി വയ്ക്കുകയെന്നതാണ്. അതുകൊണ്ട് ഈ ക്രമത്തിനു മൽക്കിസദേക്കിന്റെ ക്രമം എന്നു പറയുന്നു (ഉല്പത്തി 14:18, എബ്രാ 7:3). ദർഗായിൽ നിന്നും ഇറങ്ങി പ്രുമിയോൻ, സെദറാ, കോലോ, എത്രോ, എക്ബോ, ഹൂത്തോമോ മുതലായ പ്രാർത്ഥനകൾ ചൊല്ലി ഈ ശുശ്രൂഷ അവസാനിപ്പിക്കുന്നു.

രണ്ടാമത്തെ ഭാഗത്തിനു അഹറോന്റെ ക്രമം എന്നു പറയുവാൻ കാരണം, ഈ ക്രമത്തിലെ രണ്ടു പ്രധാന ശുശ്രൂഷകളായ അംശവസ്ത്രം ധരിക്കുകയും ധൂപം അർപ്പിക്കുകയും ചെയ്യുന്നത്, അഹറോന്റെ അംശവസ്ത്രത്തിന്റെയും പൗരോഹിത്യ ശുശ്രൂഷയാകുന്ന ധൂപാർപ്പണത്തിന്റെയും തുടർച്ചയായി കാണുന്നു. ഈ ക്രമത്തിലെ പ്രധാന ഭാഗങ്ങൾ:

- **ദൈവത്തിന്റെ കാവലിനായുള്ള പ്രാർത്ഥന,**
- **സമർപ്പണ പ്രാർത്ഥന**
- **മദ്ധ്യസ്ഥ പ്രാർത്ഥനകൾ**
- **പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയ്ക്കായുള്ള അപേക്ഷ.**

പട്ടക്കാരൻ വി. മദ്ബഹായിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് തെക്കുവശത്തു നിന്നുകൊണ്ട് ഭയഭക്തിയോടുകൂടി പരിശുദ്ധ ത്രിത്വത്തെ സ്തുതിക്കുന്നു. തുടർന്ന് അർത്ഥവത്തായ ഒരു പ്രാർത്ഥന നടത്തുന്നു.

"കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമായ കർത്താവേ ജ്ഞാനത്തോടും ഭക്തിയോടും നല്ല ആത്മീയ ഒരുക്കത്തോടും വെടിപ്പോടും വിശുദ്ധിയോടും കൂടെ തിരു





## ഞാറാഴ്ചകളിലേയും മോറോനായ പെരുന്നാളുകളിലേയും വിശുദ്ധ ഏവൻഗേലിയോൻ ഭാഗം



### ഓഗസ്റ്റ് 2017

01 – പതിനഞ്ച് നോമ്പ് ആരംഭം (ശൂനോയോ)
06 – കൂടാരപ്പെരുന്നാൾ (കർത്താവിന്റെ മറുരൂപ പ്പെരുന്നാൾ) (വി. ലൂക്കോസ് 9: 27–36)
13 – കൂടാരപ്പെരുന്നാളിന് ശേഷം ഒന്നാം ഞായറാഴ്ച (വി. മത്തായി 21: 283–2)
15 – വി. ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) (വി. ലൂക്കോസ് 11: 22–28)
20 – വി. ദൈവമാതാവിന്റെ വാങ്ങിപ്പിനു ശേഷം ഒന്നാം ഞായർ (വി. ലൂക്കോസ് 6: 39–45)
27 – വി. ദൈവമാതാവിന്റെ വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ (വി. ലൂക്കോസ് 11: 9–20)

### സെപ്തംബർ 2017

03 – വി. ദൈവമാതാവിന്റെ വാങ്ങിപ്പിനു ശേഷം മൂന്നാം ഞായർ (വി. മത്തായി 17: 22–27)
10 – വി. ദൈവമാതാവിന്റെ വാങ്ങിപ്പിനു ശേഷം നാലാം ഞായർ (വി. മത്തായി 5: 38–48)
14 – സ്ലീബാ പെരുന്നാൾ (വി. ലൂക്കോസ് 21: 5–28)
17 – സ്ലീബാ പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച (വി. മർക്കോസ് 13: 28–37)
24 – സ്ലീബാ പെരുന്നാളിനു ശേഷം രണ്ടാം ഞായറാഴ്ച (വി. മത്തായി 16: 5–12)

### ഒക്ടോബർ 2017

01 – സ്ലീബാ പെരുന്നാളിനു ശേഷം മൂന്നാം ഞായറാഴ്ച (വി. മർക്കോസ് 2: 23–28)
08 – സ്ലീബാ പെരുന്നാളിനു ശേഷം നാലാം ഞായറാഴ്ച (വി. ലൂക്കോസ് 16: 9–18)
15 – സ്ലീബാ പെരുന്നാളിനു ശേഷം അഞ്ചാം ഞായറാഴ്ച (വി. മത്തായി 23: 1–12)
22 – സ്ലീബാ പെരുന്നാളിനു ശേഷം ആറാം ഞായറാഴ്ച (വി. ലൂക്കോസ് 18: 18–27)
29 – സ്ലീബാ പെരുന്നാളിനു ശേഷം ഏഴാം ഞായറാഴ്ച (വി. മത്തായി 5: 21–26)

മുമ്പാകെ നിൽക്കുവാനും സകലത്താലും ആരാധിക്കപ്പെടേണ്ട നാഥനും സ്രഷ്ടാവുമെന്ന നിലയിൽ പിതൃപുത്ര പരിശുദ്ധാത്മാവായ നിന്നെ ശുശ്രൂഷിക്കുവാനും ഇപ്പോഴും എപ്പോഴും എന്നന്നേക്കും ഞങ്ങളെ യോഗ്യരാക്കി തീർക്കണമെ എന്ന പ്രാർത്ഥനയും 51–ാം സങ്കീർത്തനവും ചൊല്ലി മേല്പട്ടക്കാർ ഉണ്ടെങ്കിൽ അവരുടെ കൈകൾ മുത്തി, പട്ടക്കാരുണ്ടെങ്കിൽ അവർക്ക് സമാധാനം നൽകിയ ശേഷം മദ്ബഹായുടെ പടിഞ്ഞാറെ അറ്റത്തു നിന്ന് ജനത്തിനു നേരെ വണങ്ങി കൈ മലർത്തി സമാധാനം ചോദിക്കുന്നു.

"ജീവനുള്ളതും പരിശുദ്ധവുമായ ബലി സഭയ്ക്കു മുഴുവനും വേണ്ടി അണയ്ക്കുവാൻ ഞാൻ യോഗ്യനായി തീരേണ്ടതിനു എനിക്കു വേണ്ടി പ്രാർത്ഥിക്കണമെ, എന്ന് പട്ടക്കാരൻ ജനങ്ങളോട് ആവശ്യപ്പെടുന്നതും ജനവും തിരിച്ച് കർത്താവ് അങ്ങയുടെ പ്രാർത്ഥനകേട്ട് ബലിയിൽ പ്രീതിപ്പെടുകയും അങ്ങയുടെ കുർബ്ബാന സ്വീകരിച്ച് അവിടുത്തോടുകൂടെ ഞങ്ങളെയും അതിൽ സംബന്ധിപ്പിക്കുകയും ചെയ്യട്ടെ എന്നു പ്രതിവാക്യമായി പറയുന്നു. നമസ്ക്കാരം നടക്കുന്നതിനാൽ, ഇത് രഹസ്യമായിട്ടാണ് പൂർത്തീകരിക്കുന്നത്.

### അംശവസ്ത്രത്തിനുള്ള പ്രതീകാത്മകമായ അർത്ഥം

1. **ചെരിപ്പ്:** ദൈവത്തിനെതിരായുള്ള ശത്രുവിന്റെ സർവ്വ ശക്തിയേയും (തിന്മയായ ശക്തികളെ) എന്നന്നേക്കും ചവിട്ടി അതിന്മേലുള്ള വിജയത്തിന്റെ സൂചനയാണ് (2 കൊരി. 10:5). സമാധാന സുവിശേഷത്തിനുള്ള ഒരുക്കത്തിന്റെ അടയാളമാണ് (എഫേ: 6:15). സഭ തീർത്ഥാടക സംഘമാണ്. സ്വർഗ്ഗീയാരധനയാരംഭത്തോടെ സ്വർഗ്ഗരാജ്യാനുഭവത്തിലേക്കുള്ള യാത്രയുടെ ഒരു സൂചകമായും ചെരിപ്പ് ഉപയോഗിക്കുന്നു.
2. **കറുത്തകുപ്പായം:** പാപസ്വഭാവത്തിന്റെ സൂചന. അനുതാപത്തിന്റെ സൂചന.
3. **വെള്ളക്കുപ്പായം:** വെടിപ്പിന്റേയും പരിശുദ്ധിയുടേയും ശുഭ്രവസ്ത്രമാണിത് (വെളി 3:5, 7:9). ദൈവരാജ്യത്തിൽ നാം പ്രാപിക്കാനിരിക്കുന്ന അനശ്വരപ്രകാശ വസ്ത്രത്തിന്റെ പ്രതീകമാണിത് (മത്താ: 22:11–13)
4. **ഹമ്നീക്കോ (ഊറാറ):** ഇത് പൗരോഹിത്യ ഇടയ ചുമതലയെ സൂചിപ്പിക്കുന്നു. ശത്രുക്കളെ തോല്പിക്കുവാനുള്ള ശക്തിയെ ധരിച്ചിരിക്കുന്നതിന്റെ സൂചനയാണിത് (സങ്കീ 18: 3940). ഇത് നീതിയുടെ കവചമായും സൂചിപ്പിക്കുന്നു (എഫേ 6:14).
5. **അരക്കെട്ട്:** വിജയത്തിന്റെ വാളിനെ സൂചിപ്പിക്കുന്നു (സങ്കീ 45:3). സത്യത്തെ കുറിക്കുന്ന അരപ്പട്ട (എഫേ 6.14). കർത്താവ് അര കെട്ടി ശിഷ്യന്മാരുടെ കാൽ കഴുകിയതിനെ ഓർമ്മിപ്പിക്കുന്നു (യോഹ 13:4).
6. **കൈ ഉറകൾ:** പുരോഹിതന്റെ കൈകൾ ഇനി മേലിൽ തന്റേതല്ല ക്രിസ്തുവിന്റേതാണെന്ന് സൂചിപ്പിക്കുന്നു. കൈകളെ നന്മ പ്രവൃത്തിക്കും നീതിയുടെ ആയുധങ്ങളുമാക്കി തീർക്കുന്നതിനെ സൂചിപ്പിക്കുന്നു (സങ്കീ 18:34,35).
7. **കാപ്പ:** നീതിയുടെയും മഹത്വത്തിന്റെയും അങ്കിയാണിത് (സങ്കീ 132:9,10)

### മേല്പട്ടക്കാരുടെ പ്രത്യേക അംശവസ്ത്രങ്ങൾ

1. **മസ്നപ്സോ:** സന്യാസത്തിന്റെ ശിരോവസ്ത്രമാണ്. 13 കുരിശുകൾ കർത്താവിനെയും ശ്ലീഹന്മാരേയും സൂചിപ്പിക്കുന്നു. കർത്താവണിഞ്ഞ മുൾക്കിരീടമായും സൂചിപ്പിക്കുന്നു.
2. **ശീലമുടി:** വി. കുർബ്ബാനയ്ക്ക് മേല്പട്ടക്കാരൻ ഉപയോഗിക്കുന്ന ശിരോവസ്ത്രമാണിത്. മോശ ഒരു മൂടുപടം എടുത്തു മുഖം മൂടി (പുറ 34: 29–35) ആ മൂടുപടത്തിന്റെ പ്രതീകമാണ് ശീലമുടി.
3. **പത്രസിൻ:** കാപ്പയ്ക്ക് മുകളിൽ അണിയുന്ന വലിയ ഊറാറയാണിത്. ഊറാറയുടെ അതേ അർത്ഥം തന്നെ.
4. **കുരിശുമാല:** തിന്മയുടെ ശക്തികളിൽ നിന്നുള്ള കാവലിന്റെ പ്രതീകമാണിത് (സങ്കീ. 34: 5, 44:5)
5. **അംശവടി:** ഇടയന്റെ അടയാളമാണ് വടി. (സങ്കീ: 110.2)
6. **സ്ലീബാ:** ശത്രുവിന്റെ മേലുള്ള വിജയത്തിന്റെ അടയാളമാണിത് (സങ്കീ: 44:5)

പുരോഹിതൻ അംശവസ്ത്രങ്ങൾ ധരിച്ച് ബലി പീഠത്തിനു മുമ്പിൽ മുട്ടുകുത്തി തന്റെ സകല നിയമലംഘനങ്ങൾക്കും മാപ്പപേക്ഷിക്കുന്ന ബാഹ്യ ഇന്ദ്രിയങ്ങളേയും ആന്തരിക ഇന്ദ്രിയങ്ങളേയും തിന്മയിൽ വീഴാതെ കാത്തുകൊള്ളുന്നതിനും പൂർണ്ണമായി ദൈവത്തിലായിത്തീർന്ന് ദൈവീക രഹസ്യങ്ങളുടെ നൽവരം എപ്പോഴും പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുന്നു.

# സെന്റ് കുറിയാക്കോസ് ചാപ്പൽ

## മനപ്പിള്ളി - അയ്യമ്പിള്ളി

കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് വിസ്മരിക്കാൻ സാധ്യമല്ല. മാർത്തോമ്മാശ്ലീഹായാൽ കേരളത്തിന്റെ പല ഭാഗങ്ങളിലായി സ്ഥാപിക്കപ്പെട്ട ഏഴു കുരിശുപള്ളികളിൽ നിന്നാണ് പിൽക്കാലത്ത് എണ്ണമറ്റ സുറിയാനിപ്പള്ളികൾ ഉത്ഭവിച്ചതെന്നാണ് വിശ്വാസം.

മാർത്തോമ്മാ ശ്ലീഹാ എ.ഡി. 52–ൽ ഭാരതത്തിലെത്തി കൊടുങ്ങല്ലൂർ തുറമുഖത്തു നിന്നും ഉദ്ദേശം മൂന്നു മൈൽ തെക്കുമാറി സ്ഥിതിചെയ്യുന്ന മാലിയങ്കര എന്ന സ്ഥലത്താണ് അദ്ദേഹം കപ്പലിറങ്ങിയത് എന്നു വിശ്വസിക്കുന്നു. പരിശുദ്ധൻ ആദ്യമായി തന്റെ സുവിശേഷ വിത്തുവിതച്ചത് മാലിയങ്കര ആയതുകൊണ്ട് അദ്ദേഹം സ്ഥാപിച്ച കേരളീയസഭയ്ക്ക് മലങ്കരസഭ എന്ന പേരുണ്ടായി എന്നും അഭിപ്രായമുണ്ട്.

പറവൂർ രാജകുടുംബത്തിന്റെ തലസ്ഥാനമായ പട്ടമന പറവൂരിലെത്തിയ അദ്ദേഹം തന്റെ അത്ഭുത പ്രവർത്തനങ്ങൾകൊണ്ട് രാജകുടുംബാംഗങ്ങളേയും ക്ഷേത്രപാലകരായ നമ്പൂതിരിമാരെയും മറ്റനവധി ആളുകളെയും ക്രിസ്തുമത വിശ്വാസികളാക്കുവാൻ സാധിച്ചു. നെടുന്തള്ളി സ്വരൂപത്തിന്റെ കുടുംബക്ഷേത്രമായ കോട്ടക്കാവ് ഭദ്രകാളി ക്ഷേത്രത്തെ ക്രിസ്തീയ പള്ളിയായി രൂപാന്തരപ്പെടുത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞു. തന്റെ തൃക്കരങ്ങളാൽ സ്നാനമേറ്റ് ക്രിസ്തുമതാവലംബികളായി തീർന്നവരുടെ ആരാധനാസ്ഥലമായി ഈ ക്ഷേത്രം വിട്ടുകൊടുത്തു. ഇതത്രെ വടക്കൻ പറവൂരിലെ പ്രസിദ്ധമായ കോട്ടക്കാവു പള്ളി.

പ്രസ്തുത പള്ളിയിലെ ഇടവകക്കാരായ പ്രമാണിമാർ തമ്മിലുള്ള മത്സരം ഹേതുവായി പിന്നീടു സ്ഥാപിക്കപ്പെട്ടതാണ് വടക്കൻ പറവൂർ സെന്റ് തോമസ് ചെറിയ പള്ളി. കോട്ടക്കാവ് പള്ളിയുടെ കിഴക്കുഭാഗത്തായി ഈ ദേവാലയം സ്ഥിതി ചെയ്യുന്നു. പ്രസിദ്ധമായ കൂനൻ കുരിശു സത്യത്തിനു ശേഷം റോമാ സുറിയാനിക്കാർ കോട്ടക്കാവു പള്ളി കൈവശപ്പെടുത്തി. പൂർവ്വിക യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ സെന്റ് തോമസ് ചെറിയ പള്ളിയും കൈവശപ്പെടുത്തി. പിൽക്കാലത്ത് അയ്യമ്പിള്ളിയിലെ വിശാലമായ സെന്റ് ജോൺസ് സുറിയാനിപ്പള്ളിയും സ്ഥാപിക്കപ്പെട്ടു.

പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയാൽ 1902 ഫെബ്രുവരി 15–ന് ഈ പള്ളി കൂദാശ ചെയ്ത് വിശുദ്ധ കുർബാനചൊല്ലി. അയ്യമ്പിള്ളി പള്ളി കൊച്ചി ഭദ്രാസന ഇടവകയിൽപെട്ടതാണെങ്കിലും അന്ന് കൊച്ചി ഭദ്രാസനത്തിന് സ്വീകാര്യനായ മെത്രാപ്പോലീത്ത ഇല്ലാതിരുന്നതു കൊണ്ട് അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയ പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസ്യോസിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. തിരുവിതാംകൂർ റോയൽ കോടതി വിധിമൂലം മാർ ജോസഫ് ദിവന്നാസ്യോസ് മെത്രാപോലീത്ത മലങ്കരയുടെ അനിഷേധ്യ മെത്രാപ്പോലിത്ത ആയി തോമാശ്ലീഹായുടെ സിംസാഹനത്തിൽ ആരൂഢനായിരിക്കുന്ന കാലഘട്ടമാണ്.

1909–ൽ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പുലിക്കോട്ടിൽ മാർ ദിവനാസ്യോസ് കാലം ചെയ്തു. ആ കൊല്ലം തന്നെ മലങ്കര സഭാഭാസുരൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തയായി. അതോടെ അയ്യമ്പിള്ളി പള്ളിയും അദ്ദേഹത്തിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. 1911–ൽ അന്ത്യോഖ്യയുടെ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ള ദ്വിതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് അയ്യമ്പിള്ളി പള്ളിയിലെഴുന്നെള്ളുകയും ഇപ്പോൾ പടുത്തുയർത്തിയ വലിയ പള്ളിക്ക് കല്ലിടുകയും ചെയ്തു.

1934–ൽ വട്ടശ്ശേരി തിരുമേനി കാലം ചെയ്തു. തുടർന്ന് ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ അദ്ധ്യക്ഷസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെടുകയും അയ്യമ്പിള്ളി പള്ളി അദ്ദേഹത്തിന്റെ



ഭരണത്തിൻ കീഴിലാകുകയും ചെയ്തു. ക്രമേണ പല പള്ളികളും വ്യവഹാരങ്ങളുടെ കരിനിഴലിലാകുകയും അയ്യമ്പിള്ളി പള്ളി റിസീവർ ഭരണത്തിലാകുകയും ചെയ്തു.

ഈ സന്ദർഭത്തിൽ അയമ്പിള്ളി പള്ളിയിടവകയിൽപെട്ട കാതോലിക്ക പക്ഷക്കാർ സമ്മേളിച്ച് തങ്ങളുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കിട്ടുന്നതിനും ഒരുമിച്ചുകൂടുന്നതിനും വേണ്ടി അയ്യമ്പിള്ളി മനപ്പിള്ളി ഭാഗത്ത് ഒരു കാതോലിക്കേറ്റ് സെന്ററും കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ ഒരു ആരാധനാ സ്ഥലവും സ്ഥാപിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ശ്രീമാൻ എം. കെ. ഏബ്രഹാം ചാപ്പൽ വയ്ക്കുന്നതിനുള്ള സ്ഥലം സൗജന്യമായി കൊടുക്കുകയും ഏതു പരിശുദ്ധന്റെ നാമത്തിൽ ചാപ്പൽ സ്ഥാപിക്കണമെന്ന് പ്രാർത്ഥനയോടെ നറുക്കിട്ടു നോക്കിയതിൽ പരിശുദ്ധകുറിയാക്കോസ് സഹദായുടെ നാമം വരികയും ചെയ്തു. പുതുശ്ശേരിൽ ഇട്ടി കുര്യത് പൗലോസിന്റെ ചുമതലയിൽ മനോഹരമായ ചാപ്പൽ പണികഴിപ്പിക്കുകയും 1953 ഏപ്രിൽ 12–ാം തീയതി കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു. ചാപ്പലിന്റെ പ്രഥമ വികാരിയായി പണ്ഡിതനായ റവ. ഫാ. വി. ജെ. ഗബ്രിയേൽ അച്ചനെ നിയമിക്കുകയും 1957 ഡിസംബർ 27–ാം കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പ് മദ്ബഹായുടെ താഴെ വടക്കു വശത്തായി സ്ഥാപിക്കുകയും ചെയ്തു.

അയ്യമ്പിള്ളി ഇടവകയിൽപ്പെട്ട ഇരുവിഭാഗക്കാരും സമാധാന വ്യവസ്ഥകൾ യോജിപ്പോടുകൂടി ഉണ്ടാക്കി. 1970–ഓടുകൂടി വീണ്ടും സ്ഥിതി വഷളായി. 1976–ൽ ശ്രീ. പുതുശ്ശേരിൽ പൗലൂസ് ഇട്ടി, സെന്റ് കുറിയാക്കോസ് ചാപ്പലിന്റെ കൈക്കാരനായി. 1978 ഏപ്രിൽ 12–ന് രജതജൂബിലി കൊണ്ടാടി. ആരംഭകാലത്തെ കൈക്കാരൻ എന്ന നിലയിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഏക വ്യക്തി മുൻ കെ. പി. സി. സി പ്രസിഡന്റും പിന്നീട് ആന്ധ്രാ ഗവർണ്ണറും ആയിരുന്ന കെ. സി. ഏബ്രഹാം മാസ്റ്ററാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഇതൊരു ലഘു ചരിത്രം മാത്രം.

കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പു സ്ഥാപിച്ചിരിക്കുന്ന അയ്യമ്പിള്ളി പള്ളി ഇന്നൊരു തീർത്ഥാടന കേന്ദ്രമാണ്. മലങ്കര സഭയിൽ അദ്ദേഹത്തിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള ഏക ദേവാലയമായ ഇവിടെ എല്ലാ വർഷവും ജൂലൈ മാസം 15–ാം തീയതി പെരുന്നാൾ ആചരിക്കുന്നു. നാനാജാതി മതസ്ഥരും പങ്കെടുക്കുന്ന പെരുന്നാളുകൾ വിശുദ്ധന്റെയും അതുവഴി ദേവാലയത്തിന്റെയും ഖ്യാതി വിളിച്ചോതുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധ കുറിയാക്കോസ് സഹദ എന്നും നമുക്കു വേണ്ടി കർതൃസന്നിധിയിൽ മധ്യസ്ഥതയണക്കുന്നു.


— Compiled by: Kunjumol Mohan





# HEPATITIS – B

— Dr. Lekshmi Ajan, BAMS




## What is Hepatitis B?

Hepatitis B is caused due to infection with hepatitis virus (HBV). The Hepatitis B may be acute or chronic form and may affect in a wild or severe form. The person with Hepatitis B virus may not even be aware of his blood infection and may even transfer the infection to someone else.

## What are the cause of Hepatitis B?

Once the person acquires the Hepatitis B infection there are several ways to transfer the infection. The virus gets into the body fluids and may pass through the pores in sink or through male and female genitalia.

The common ways of acquiring infection are:

- During child birth from mother to child.
- Having unprotected sexual intercourse with infected person.
- Blood transfer of infected person.

What are the symptoms of hepatitis B?
The symptoms presented by hepatitis B Virus range from acute to chronic.

They are:-

- Jaundice
- Yellow pigmentation skin
- Flu –like symptoms
- Pain in the upper abdomen
- Tenderness
- Nausea and vomiting.
- Pain and swelling in the joints
- Edema
- In case of chronic hepatitis the chances of cancer, AIDS, and other malignant liver diseases increases.

## How can Ayurveda help in case of Hepatitis B?

Ayurveda is an ancient Indian system of medicine that makes use of herbs existing in the nature and formulates herbal remedies using the inherent power present in these herbs. We in Ayurveda believe that herbal remedies bring to you the richness of the herbs in a natural, unadulterated form. These combinations help improve immunity and provide strength, endurance and will. Ayurveda uses the inherent power of natural herbs to bring about wonderful results in the human body. The herbs are natural and 100% safe. They improve the body metabolism and help recover from all disorders. The herbs improve the immunity and strengthen the vitality of the body in a healthy way. The infections with viruses and bacteria are relieved and the liver is strengthened in a natural herbal way.

## Herbs in Ayurveda that help in case of Hepatitis. B.

Most commonly used herbs in the treatment of Hepatitis B are :

- Echinacia (Echinacia purpurea )
- bhumiamalaki (phylanthus niruri)
- Bringaraja (eclipta alba) sharpunka (tephrosia purpurea)
- katuki (picrorhiza kurroa)
- Punnarnava ( boehravia diffusa)



Name: ……………………

Age : ……………… Parent name: ……………………

Church id: ……………… Contact no.: ……………………



**Instructions:** 1) Children below 10 years only can participate. 2) Coloured image must be returned before 29th September. 3) Winner will be announced on the next edition. 4) The decision of the Vineyard committee will be final. 5) Participants must use crayons for colouring.




## CAN YOU SOLVE THESE BRAIN TEASERS?

Name: ……………………

Age : …………… Parent name: ……………………

Church id: ……………… Contact no.: ……………………



### Questions

**Across:**

1) Synonym of Remorse
6) Synonym of Consecrate
7) Break a commandment
9) Make a Hole
10) Pot
11) What Ai became? (Joshua Chapter 8:28)
14) This initially watered the Earth
15) Samuel's Mentor
16) Small river
17) Mountain that Moses climbed
18) Prophet in David's time
20) Biblical Garden

**Down:**

(1) Take flight
(2) One of the twelve disciples
(3) All living things
(4) Synonym for response
(5) Guardians of the Garden of Eden
(6) The father of Levi
(8) Synonym of grow
(9) Synonym of forbearance
(12) Second longest book of the Bible (not verses chapter wise)
(13) Metal used to make statue by king Nebukadanezzar
(14) Sister of Lazarus and Mary
(19) Wood Spliter

**Instructions:** 1) Answers must be submitted before 29th September. 2) One family can submit only one answer. 3) Winner will be selected by lucky draw if the right answers are more than one. 4) Winner will be announced on the next edition. 5) The decision of the Vineyard committee will be final.





## QUIZ TIME

# ബൈബിൾ ക്വിസ്സ്

### പഴയ നിയമപുസ്തകങ്ങൾ
### ഉൽപ്പത്തി മുതൽ ആവർത്തനപുസ്തകം വരെ

1. ദൈവത്തിന്റെ ഉന്നതിയെ കീഴ്പ്പെടുത്താനുള്ള മനുഷ്യന്റെ ആദ്യശ്രമം?
2. മോശ പാറയിൽ അടിച്ച് വെള്ളം കൊടുത്ത സ്ഥലം?
3. 50–ാം സംവത്സരത്തിന് പറയുന്ന പേര്?
4. മോശയ്ക്ക് കനാൻ നാട്ടിൽ കടക്കാൻ കഴിയാഞ്ഞത് എന്തുകൊണ്ട്?
5. കാതുകുത്തന്നത് എന്തിന്റെ സൂചനയാണ്?

### പുതിയ നിയമപുസ്തകങ്ങൾ
### വി. മത്തായി മുതൽ വി. യോഹന്നന്റെ സുവിശേഷം വരെ

1. യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ച സ്ഥലം?
2. അപ്പം തിന്നാതെ ദൈവശുശ്രൂഷ നിറവേറ്റിയ ആൾ?
3. വിശുദ്ധസ്ഥലത്തിനും ബലിപീഠത്തിനും മദ്ധ്യേ കൊല്ലപ്പെട്ടയാൾ?
4. യേശുവിന്റെ കല്ലറയിൽ ആദ്യം എത്തിയ ശിഷ്യൻ?
5. കുരിശിലെ മേലെഴുത്ത് ഏതെല്ലാം ഭാഷകളിലായിരുന്നു?

## മലങ്കരസഭാ ചരിത്രം

1. ഉദയംപേരൂർ സുന്നഹദോസ് നടന്ന വർഷം?
2. കൂനൻകുരിശുസത്യം നടന്ന വർഷവും തീയതി?
3. കൂനൻകുരിശുസത്യത്തിനു നേതൃത്തം കൊടുത്ത അർക്കദിയാക്കോൻ?
4. മാർത്തോമ്മാ ഒന്നാമനെ വാഴിച്ചതാര്?
5. മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനം അംഗീകരിച്ച യെരുശലേം ബിഷപ്പ്?

**Instructions:**

1) Members of the editorial board and their family members are excluded from the Bible Quiz Contest.
2) Answers must be submitted on or before 29th Sep 2017.
3) Winners will be selected by a lucky draw if the right answers are more than one and the result will be published in the next edition.
4) The decision of the Vineyard Committee will be final.

### സുറിയാനി പദങ്ങളും മലയാള പരിഭാഷയും

| | | |
|---|---|---|
| ആലോഹോ | : | ദൈവം |
| ആബോ | : | പിതാവ് |
| ഏമോ | : | മാതാവ് |
| കാദീശന്മാർ | : | പരിശുദ്ധന്മാർ |
| കാദീശോ | : | പട്ടക്കാരൻ |
| ആനീദോ | : | വാങ്ങിപ്പോയവർ |
| എത്രോ | : | ധൂപപ്രാർത്ഥന |
| ക്യംതാ | : | ഉയിർപ്പ് (ഉത്ഥാനം) |
| ആമ്മീൻ | : | അപ്രകാരം തന്നെ |
| ഫഗ്റോ | : | ശരീരം |
| ദ്മോ | : | രക്തം |
| ബ്രോ | : | പുത്രൻ |
| ദുക്റോനോ | : | ഓർമ്മ |
| കാദീശാ–ത്താലോഹോ | : | ദൈവമേ നീ പരിശുദ്ധനാകുന്നു |
| ആദാമോ ദോ സേനോ | : | ഞാൻ വരുന്നതുവരെ |

### അറബി പദപരിചയം

| | | |
|---|---|---|
| Food | : | ത്വആം |
| Hotel | : | മത്ഹം |
| Breakfast | : | ഫത്വർ |
| Lunch | : | ഗദാ |
| Dinner | : | ഹശാ |
| Juice | : | അസ്വീർ |
| Water | : | മായ് |
| Tea | : | ശായ് |
| Coffee | : | ഖാവ (ഖഹ്വ) |
| Milk | : | ഹലീബ് |
| Nuts | : | മുകസ്സറാത് |
| Fish | : | സമക് |
| Chicken | : | ഒജാജ് |
| Sugar | : | സുക്കർ |
| Salt | : | മിൽഹ് |
| Egg | : | ബൈള് |

WINNERS

4th Edition 2016-17

**Colouring Competition**

1st Prize
Sefi Anna Kuriakose (K-091)

2nd Prize
Stevin Vincent (V-131)


**Cross word**

1st Prize
Sharon K. George (G-104)

2nd Prize
Joel Koshy (K-036)

# Importance of Yoga in Women's Health

— Prema Arun, MSc. Yoga Sceince



Practicing yoga brings the body into balance by strengthening weak muscles and stretching tight ones.

From fertility to breast cancer to positive body image, yoga benefits women's health. Strike a pose today for its proven physical, mental and emotional well-being.

Yoga helps you navigate the most unpleasant feelings of your cycle and ease contractions of the uterus that cause cramps. Moves such as a Reclined Spinal Twist, Seated Twist or Pigeon provide a salve. A restorative practice supports you in times of low energy, while a vigorous flow gets you moving when energy is high.

During menopause, yoga can help you deal with the changes your body is going through.

Yoga has a direct correlation to weight maintenance, too. It's not just that it burns calories, but a rigorous style helps. Instead, it seems to create a mindfulness that keeps you making good dietary choices and staying in touch with feelings of satiation, preventing weight gain over time.

Women are more likely to suffer from depression than men. Yoga is instrumental in treating these mental conditions as it helps stimulate feel-good chemicals in the brain, changes thought patterns and helps mitigate the stress response.

## രുചിക്കൂട്ട് — പിടിയും കോഴിയും

— അനിലാ സാൽബി

വിശേഷദിവസങ്ങളിൽ ക്രിസ്ത്യൻ കുടുംബങ്ങളിൽ (പ്രത്യേകിച്ച് കോട്ടയത്തിന് വടക്ക് ഭാഗങ്ങളിൽ) തയ്യാറാക്കുന്ന ഒരു പരമ്പരാഗത ഭക്ഷണവിഭവമാണ് പിടിയും കോഴിയും.



### പിടി

**ആവശ്യമായ ചേരുവകൾ:**

- അരിപൊടി–ഒരു കിലോ
- തേങ്ങ ചിരകിയത്– ഒരു കപ്പ്
- ജീരകം– ഒരു സ്പൂൺ
- വെളുത്തുള്ളി– പത്തെണ്ണം
- തേങ്ങാപാൽ– ഒരു കപ്പ്
- കറിവേപ്പില– രണ്ടു തണ്ട്
- ഉപ്പ്–പാകത്തിന്

**തയ്യാറാക്കുന്ന വിധം:**

ചീന ചട്ടി ചൂടാക്കി അരിപൊടി നന്നായി വറുക്കുക.വറുത്തു പാകമാകമ്പോൾ കറച്ചു തേങ്ങ ചിരകിയതും കൂടി ഇടുക. ജീരകവും വെളുത്തുള്ളിയും ചതച്ചിട്ട് വെള്ളം തിളപ്പിച്ച ശേഷം ഈ വെള്ളം ഉപയോഗിച്ച് വറുത്ത അരിപൊടി കുഴച്ചു ചെറിയ ഉരുളകളാക്കുക. ഉരുളി ചൂടാക്കി അതിലേക്ക ജീരകവും വെളുത്തുള്ളിയും ചേർത്ത് തിളപ്പിച്ച വെള്ളം അൽപ്പം ഒഴിച്ച് ഒന്ന് കൂടി തിളപ്പിച്ച ശേഷം കറിവേപ്പില , തേങ്ങ ചിരകിയത്, തേങ്ങ പാൽ, പാകത്തിന് ഉപ്പ് എന്നിവ ചേർത്ത് അതിലേക്ക ഉരുട്ടി വെച്ച ഉരുളകൾ കൂടി ഇട്ടു ചെറുതായി ഇളക്കുക. നന്നായി കുറുകി വരുമ്പോൾ അടുപ്പിൽ നിന്നിറക്കാം.

### കോഴി മുളകുകറി

**ആവശ്യമായ ചേരുവകൾ:**

- കോഴി – ഒരു കിലോഗ്രാം
- നെയ്യ് – രണ്ട് ടീ സ്പൂൺ
- പച്ച മുളക് – 8 എണ്ണം
- ഇഞ്ചി അരിഞ്ഞത് – ഒരു വലിയ സ്പൂൺ
- മുളകുപൊടി – ഒരു വലിയ സ്പൂൺ
- വെളുത്തുള്ളി – വലിയ സ്പൂൺ
- തക്കാളി – 250 ഗ്രാം
- വിനാഗിരി – രണ്ട് ചെറിയ സ്പൂൺ
- മൈദ – രണ്ട് ചെറിയ സ്പൂൺ
- മുട്ട – രണ്ട് എണ്ണം
- എണ്ണ – കോഴി വറുക്കാൻ ആവശ്യമായത്

**തയ്യാറാക്കുന്ന വിധം:**

കോഴി വൃത്തിയാക്കി ചെറിയ കഷണങ്ങളാക്കിമുറിക്കുക. മുട്ട പൊട്ടിച്ച് മുളകുപൊടിയും മൈദയും ചേർത്ത് നന്നായി കുഴച്ച് ഇറച്ചി കഷണങ്ങളിൽ തേച്ച് പിടിപ്പിക്കുക. 10 മിനിറ്റിന ശേഷം എണ്ണ ചൂടാക്കി ഇറച്ചി കഷണങ്ങൾ വറുത്ത് കോരുക. മറ്റൊരു പാത്രത്തിൽ നെയ്യൊഴിച്ച് അതിൽ പച്ചമുളക്, ഇഞ്ചി, നെയ്യ് വെളുത്തുള്ളി എന്നിവ വഴറ്റിയെടുക്കുക. ശേഷം തക്കാളി വിനാഗിരി എന്നിവയും ഇറച്ചിയും ചേർത്ത് നന്നായി വേവിച്ച ശേഷം ഇറക്കി വയ്ക്കുക.





# മലങ്കര സഭയിലെ പള്ളികൾ ഭരിക്കേണ്ടത് 1934-ലെ ഭരണഘടനയനുസരിച്ച്: സുപ്രീം കോടതി



കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് പള്ളി

മലങ്കര സഭയ്ക്കു കീഴിലുള്ള പള്ളികൾ 1934–ലെ ഭരണഘടന അനുസരിച്ചു വേണം ഭരണം നടത്തേണ്ടതെന്ന് സുപ്രീം കോടതി വിധി. കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് പള്ളി തർക്കത്തിൽ യാക്കോബായ വിഭാഗത്തിന്റെ ഹർജി തള്ളിയാണ് സുപ്രധാന വിധി. 1913 ലെ ഉടമ്പടിയോ 2002–ലെ ഭരണഘടനയോ അംഗീകരിക്കാനാവില്ലെന്നും കോടതി വ്യക്തമാക്കി. 1934–ലെ ഭരണഘടന അംഗീകരിച്ച് 1995–ൽ സുപ്രീം കോടതിയുടെ മൂന്നംഗ ബെഞ്ച് പുറപ്പെടുവിച്ച വിധിയെ ശരിവെച്ചുകൊണ്ടാണ് പുതിയ വിധി. മലങ്കര സഭാഭരണഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ 1934 –ലെ ഭരണഘടന ഭേദഗതി ചെയ്യാവുന്നതാണെന്ന് സുപ്രീം കോടതി വിധിയിൽ പറയുന്നു. കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് പള്ളി കേസിലാണ് വിധിയെങ്കിലും ഇത് മലങ്കര സഭയുടെ കീഴിലുള്ള എല്ലാ പള്ളികൾക്കും ബാധകമാണ്. കോലഞ്ചേരിയോടൊപ്പം മണ്ണത്തൂർ സെന്റ്. ജോർജ്, വരിക്കോലി സെന്റ്. മേരീസ്, നെച്ചൂർ എന്നീ പള്ളികളുടെ ഹർജി ഒരുമിച്ചാണ് സുപ്രീം കോടതി പരിഗണിച്ചത്.

കോലഞ്ചേരി പള്ളി 1931 ലെ ഉടമ്പടി പ്രകാരം ഭരണം നടത്താൻ അനുവദിക്കണമെന്ന ഹർജി 2013 ഓഗസ്റ്റ് നാലിന് ഹൈക്കോടതി ബെഞ്ച് തള്ളിയിരുന്നു. അതിനെതിരെയാണ് യാക്കോബായ വിഭാഗം സുപ്രീം കോടതിയയെ സമീപിച്ചത്. 1934–ലെ ഭരണഘടന യാക്കോബായ വിഭാഗത്തിന് ബാധകമല്ലെന്നും അതു സഭാ ഭരണത്തിൽ നിലനിൽക്കത്തക്കതല്ല എന്നുമായിരുന്നു യാക്കോബായ വിഭാഗത്തിന്റെ വാദം. എന്നാൽ 1995–ലെ സുപ്രീം കോടതി വിധി 1934–ലെ ഭരണഘടന അനുസരിച്ചാണ് സഭയും പള്ളികളും പ്രവർത്തിക്കേണ്ടത് എന്ന് വ്യക്തമാക്കിയിരുന്നു. മലങ്കര സഭ പൂർണ്ണമായും ഭാരതീയ സഭയാണ് എന്നായിരുന്നു ഓർത്തഡോക്സ് വിഭാഗത്തിന്റെ വാദം. ഇടവകകൾ സ്വതന്ത്രമായ ഭരണത്തിനു കീഴിലാണെന്ന യാക്കോബായ വിഭാഗത്തിന്റെ വാദം അംഗീകരിച്ചില്ല.

സുപ്രീം കോടതി വിധി സ്വാഗതം ചെയ്യുന്നതായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. 1934–ലെ സഭാ ഭരണഘടനയും 1995–ലെ സുപ്രീം കോടതി വിധിയും ആവർത്തിച്ച് അംഗീകരിച്ചുള്ള വിധി യാഥാർഥ്യബോധത്തോടെ ഉൾക്കൊള്ളാനും സമാധാനത്തിനായി നിലക്കൊള്ളാനും എല്ലാവരും തയ്യാറാകണമെന്ന് പരിശുദ്ധ ബാവാ ആവശ്യപ്പെട്ടു. സത്യത്തിന്റെ എല്ലാ വഴികളിലും അടിയുറച്ചു നിന്നു മുന്നോട്ട് പോയിട്ടുള്ള പാരമ്പര്യമാണ് സഭയ്ക്കുള്ളത്. വളരെ ക്ഷമയോടെ കാത്തിരുന്നതിന്റെ ഫലമാണിതെന്നും ദൈവത്തിനു നന്ദി സമർപ്പിക്കുന്നെന്നും പരിശുദ്ധ ബാവാ പറഞ്ഞു. ഇന്ത്യൻ നിയമ വ്യവസ്ഥയെ അംഗീകരിക്കുകയും സമാധാന വഴിയിലൂടെ മുന്നോട്ടു പോവുകയുമാണ് വേണ്ടത്. കലഹം കൊണ്ട് കാര്യമില്ല. നിയമാധിഷ്ഠിത മാർഗ്ഗത്തിലൂടെ മുന്നോട്ട് പോകണം. സർക്കാരും ബന്ധപ്പെട്ടവരും വിധി നടപ്പാക്കിത്തരുമെന്നാണ് വിശ്വസിക്കുന്നത്. ഏതു വിശ്വാസിക്കും കോലഞ്ചേരി പള്ളിയിൽ വരുന്നതിൽ തടസ്സമില്ല. പക്ഷേ ഉടമസ്ഥതയ്ക്കായി ശ്രമിക്കുമ്പോഴാണ് ബുദ്ധിമുട്ടുകളുണ്ടാകുന്നത്. ഉടമസ്ഥത ആർക്കാണെന്നുള്ളത് ഇന്ത്യയുടെ പരമോന്നത നീതിപീഠം വിധിച്ചു കഴിഞ്ഞു. ഇതു വഴി സഭയിൽ സമാധാനമുണ്ടാകട്ടെയെന്നാണ് ആശിക്കുന്നതെന്നും പരിശുദ്ധ കാതോലിക്കാബാവാ പറഞ്ഞു. സുപ്രീം കോടതി നൽകിയത് യാതൊരുവിധ സംശയത്തിനും ഇടയില്ലാത്ത വിധമുള്ള വിധിയാണെന്നും അത് നടപ്പിലാക്കി സഭയിൽ സമാധാനം പുനഃസ്ഥാപിക്കണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. രണ്ടായിരം വർഷത്തോളം പഴക്കമുള്ളതും ഭാരതത്തിലെ നീതിന്യായ വ്യവസ്ഥയോട് വിധേയത്വം പുലർത്തുന്നതുമായ സ്വതന്ത്രദേശീയ സഭയാണ് മലങ്കര സഭയെന്നും പരിശുദ്ധ കാതോലിക്കാ ബാവാ അഭിപ്രായപ്പെട്ടു.

സുപ്രീംകോടതിവിധിയുടെ പശ്ചാത്തലത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അടിയന്തിര സുന്നഹദോസ് പരിശുദ്ധ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന് തുടർനടപടികൾ ചർച്ച ചെയ്തു. സുപ്രിം കോടതിയുടെ വിധിക്കു ശേഷം നടന്ന പ്രഥമ സുന്നഹദോസ് തീരുമാനങ്ങൾ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ എന്നിവർ വിശദീകരിച്ചു.

മലങ്കര സഭ ഒന്നേ ഉള്ളൂ, എല്ലാ വിശ്വാസികളും ആ വിശുദ്ധ സഭയുടെ മക്കൾ ആണ്. ഇന്ത്യാ മഹാരാജ്യം അംഗീകരിച്ച 1934–ലെ സഭാ ഭരണഘടനപ്രകാരം മലങ്കരയിൽ സമാധാനത്തിന്റെ സുവർണ്ണ അവസരം സംജാതമായിരിക്കുകയാണ്. 1995–ലെ വിധിയിൽ ഉണ്ടായിരുന്ന അവ്യക്തത പൂർണ്ണമായും മാറ്റിയ ഒരു സമ്പൂർണ്ണ വിധിയാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നത്. ഈ വിധി മലങ്കരയിലെ എല്ലാ പള്ളികൾക്കും ബാധകം ആണ്, മലങ്കര സഭയുടെ സമാധാനം ലക്ഷ്യമാക്കി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ മലങ്കരയിലെ എല്ലാ പള്ളികൾക്കും കല്പന അയയ്ക്കും. സമാധാന സമിതി രൂപീകരിച്ച് ഭാവി കാര്യങ്ങൾ തീരുമാനിക്കും. ഗവൺമെന്റുമായി പ്രാരംഭ ചർച്ചകൾ നടന്നു എങ്കിലും തുടർ ചർച്ചകൾ ഇനിയും ആവശ്യമാണ്. സമാധാന ശ്രമങ്ങൾക്കായി ഏതറ്റം വരെയും പോകും. വേണ്ടി വന്നാൽ പരി. പാത്രിയർക്കിസ് ബാവായോട് വിഷയം ചർച്ച ചെയ്യുന്നതിനും മലങ്കര സഭ തയ്യാറാണ്. എന്നാൽ ഇതെല്ലാം രൂപീകരിക്കപ്പെടുന്ന സമിതിയുടെ പരിധിയിൽ വരുന്ന കാര്യങ്ങൾ ആണെന്നും മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് പിതാക്കന്മാർ മറുപടി നൽകി. വി. സഭയ്ക്ക് മുന്നിൽ ഒന്നായ വി. മലങ്കര സഭ എന്ന ലക്ഷ്യമാണ് ഉള്ളത് എന്നും അതു തകിടം മറിക്കുവാൻ ആരെങ്കിലും പരിശ്രമിക്കും എന്നും കരുതുന്നില്ല എന്നും പിതാക്കന്മാർ പറഞ്ഞു..

## കണ്ണ്യാട്ടു നിരപ്പ് പള്ളിയും മലങ്കര സഭയ്ക്ക്

എറണാകുളം ജില്ലയിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട കണ്യാട്ട് നിരപ്പ് സെന്റ്. ജോൺസ് ഓർത്തഡോക്സ് പള്ളിയും 1934 ലെ സഭാ ഭരണഘടന അനുസരിച്ച് ഭരിക്കേതാണെന്ന് സുപ്രീം കോടതി വിധിച്ചു. കോലഞ്ചേരി കേസിലെ വിധി വരിക്കോലി, മണ്ണത്തൂർ, നെച്ചൂർ പള്ളികൾക്കും ബാധകമാണെന്ന് നേരത്തെ നൽകിയ വിധിന്യായത്തിനു സമാനമായ വിധിയാണ് കണ്യാട്ട് നിരപ്പ് പള്ളിയുടെ കാര്യത്തിലും പുറപ്പെടുവിച്ചിരിക്കുന്നത്.

2002 വരെ മലങ്കര സഭയിൽ നിലവിലുള്ള എല്ലാ പള്ളികൾക്കും ജൂലൈ 3–ലെ സുപ്രീം കോടതി വിധി ബാധകമാണെന്ന് സുപ്രീം കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കെ വിധി നടപ്പിലാക്കുന്നതിന് സത്വരനടപടികൾ എടുക്കാൻ അധികൃതർ തയ്യാറാകണമെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ആഹ്വാനം അനുസരിച്ച് സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഏവരും സഹകരിക്കണമെന്നും സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അഭ്യർത്ഥിച്ചു.

# അഹമ്മദാബാദ് ഭദ്രാസന വാർഷിക പൊതുയോഗം



അഹമ്മദാബാദ് ഭദ്രാസന വാർഷിക പൊതുയോഗം ജൂലൈ 28ന് ഭദ്രാസന ആസ്ഥാനമായ നരോദ സെന്റ് തോമസ് ചപ്പലിൽ ജൂലൈ 28–ന് നടത്തപ്പെട്ടു. ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ 2016–17 വർഷത്തെ റിപ്പോർട്ട്, വരവ് ചിലവ് കണക്കുകൾ എന്നിവ മുൻ ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് മാത്യൂ അവതരിപ്പിച്ചു. ഭദ്രാസനത്തിലെ 21 വൈദികരും 36 പൊതുയോഗ അംഗങ്ങളും സംബന്ധിച്ചു. 2012–2017 വർഷത്തെ ഭദ്രാസന സെക്രട്ടറി, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, കൗൺസിൽ അംഗങ്ങൾ എന്നിവർ നൽകിയ സേവനങ്ങൾക്ക് ഭദ്രാസന മെത്രാപ്പോലീത്ത നന്ദി അർപ്പിക്കുകയും അവരെ യോഗത്തിൽ ആദരിക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ തുടർന്നുള്ള വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## കാതോലിക്കാ ദിന വിഹിതം സഭാ കേന്ദ്രത്തിലേക്ക് നൽകി

അഹമ്മദാബാദ്: മലങ്കര ഓർത്തഡോക്സ് സഭയുടെ ബാഹ്യ കേരളത്തിലെയും ഭാരതത്തിനകത്തുള്ളതുമായ ഭദ്രാസനങ്ങളിൽ നിന്ന് സമാഹരിച്ച 2017 വർഷത്തെ കാതോലിക്കാ ദിന ഫണ്ട് അഹമ്മദാബാദ് ഭദ്രാസന ആസ്ഥാനത്ത് നടന്ന പ്രഥമ കാതോലിക്കാ ദിന സമ്മേളനത്തിൽ സഭാ പ്രതിനിധികൾ സ്വീകരിച്ചു. അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സഭാ ധനകാര്യ സമിതി അധ്യക്ഷൻ അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ സന്നിഹിതരായിരുന്നു. അഹമ്മദാബാദ് ഭദ്രാസനത്തിലെ മുഴുവൻ പള്ളികളും നിശ്ചിത ടാർജറ്റ് പൂർത്തിയാക്കി നൽകിയതായി ഇടവക മെത്രാപ്പോലീത്താ അറിയിച്ചു. മസ്കറ്റ് മഹാ ഇടവകയെ പ്രതിനിധീകരിച്ച് വികാരി ഫാ. ജേക്കബ് മാത്യൂ, ഭദ്രാസന കൗൺസിൽ അംഗം ബോബൻ മാത്യൂ തോമസ് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

## ശൂനോയോ പെരുന്നാൾ

വിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് (ശൂനോയോ) പെരുന്നാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 14 (തിങ്കൾ) വൈകിട്ട് 7–ന് സന്ധ്യാ നമസ്ക്കാരം, വിശുദ്ധ കുർബാന. തുടർന്ന് നേർച്ച വിളമ്പ്.

## വിശുദ്ധ എട്ട് നോമ്പാചരണവും വചന ശുശ്രൂഷയും

വിശുദ്ധ ദൈവ മാതാവിന്റെ ജനന പ്പെരുന്നാളിനോടനുബന്ധിച്ച് മസ്കറ്റ് മഹാ ഇടവകയിൽ സെപ്തംബർ ഒന്ന് മുതൽ എട്ട് വരെയുള്ള തീയതികളിൽ വി. എട്ട് നോമ്പാചരണവും വചന ശുശ്രൂഷയും നടത്തപ്പെടുന്നു.

ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വചന ശുശ്രൂഷയ്ക്ക് സഭയിലെ പ്രഗത്ഭ വാഗ്മികളായ ഫാ. മോഹൻ ജോസഫ്, ഫാ. ജോജി കെ. ജോയി എന്നിവർ നേതൃത്വം നൽകും.

## മർത്തമറിയം വനിതാ സമാജം കേന്ദ്ര പരീക്ഷ

അഖില മലങ്കര മർത്തമറിയം വനിതാ സമാജത്തിന്റെ കേന്ദ്ര പരീക്ഷ ഗൾഫ് മേഖലയിൽ 2017 ഒക്ടോബർ 20 ന് നടക്കും.

## Sunday School News



The teachers and students of Mar Gregorios Sunday School join together to express their sincere gratitude to Mrs. Molly Abraham for her sincere and dedicated service to the Sunday School as Headmistress. She will always remain as part of our team and expect her continued support in all our activities. May God Almighty shower her peace happiness and good health.



Mar Gregorios Orthodox Sunday School welcomes Mrs. Sarah Roy as its new Headmistress. May God strengthen her to carry out her duties with utmost sincerely and dedication.

All the Best !

**Sunday School Teacher Elevated as Assistant Vice Principal**

Mar Gregorios Orthodox Sunday School proudly announce the elevation of our senior teacher Mrs Bindhu Saji as Assistant Vice Principal (primary section) of Indian school Muscat. We wish her all the very best.

**ANNOUNCEMENT**

Sunday School will reopen after vacation on Friday, 11th August 2017.

## മാർ കുര്യാക്കോസ് സഹദായേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!



— ഒരു വിശ്വാസി





# തണൽ 'കാരുണ്യത്തിന്റെ കരസ്പർശം' കാൻസർ ചികിത്സാ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചു.



മസ്കത്ത് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ഈ വർഷത്തെ 'തണൽ' ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം ഇടവക വികാരി ഫാ. ജേക്കബ് മാത്യു നിർവ്വഹിക്കുന്നു.

മസ്കറ്റ്: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ 'തണൽ' ജീവകാരുണ്യ പദ്ധതിയിൽ ഈ വർഷം നടപ്പാക്കുന്ന "കാരുണ്യത്തിന്റെ കര സ്പർശം" കാൻസർ ചികിത്സാ സഹായ പദ്ധതിക്ക് തുടക്കമായി. റുവി സെന്റ്. തോമസ് ചർച്ചിൽ വി. കുർബ്ബാനയ്ക്ക് ശേഷം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. ജേക്കബ് മാത്യൂ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

ചടങ്ങിനോടനുബന്ധിച്ച് നടന്ന സെമിനാറിൽ "അർബുദം; കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി റോയൽ ഒമാൻ ആശുപതിയിലെ റേഡിയേഷൻ ഓങ്കോളജിസ്റ്റ് ഡോ. റോസി കെ. ആന്റണി പ്രഭാഷണം നടത്തി. മരണം എന്ന വാക്കിന്റെ പര്യായമായാണ് ഇന്ന് പലരും അർബുദ രോഗത്തെ നോക്കികാണുന്നത്. എന്നാൽ ഹൃദ്രോഗം പക്ഷാഘാതം സാംക്രമിക രോഗങ്ങൾ പോലെ മരണ കാരണമായേക്കാവുന്ന മറ്റേതൊരു രോഗത്തെയും പോലെ മാത്രമേ അർബുദത്തെയും സമീപിക്കേണ്ടതുള്ളൂ. പുകവലി, മദ്യപാനം, ജീവിത ശൈലിമാറ്റങ്ങൾ, പരിസര മലിനീകരണം, വ്യായാമമില്ലായ്മ, വിഷലിപ്തമായ ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് ജങ്ക് ഫുഡ് സംസ്കാരം തുടങ്ങി നിരവധി കാരണങ്ങൾകൊണ്ട് കാൻസർ ഉണ്ടാകാം. കേരളത്തിൽ ഓരോ വർഷവും അർബുദ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ആശങ്കയുളവാക്കുന്നതാണ്. പ്രാരംഭദശയിൽ തന്നെ രോഗനിർണ്ണയം നടത്തിയാൽ പൂർണ്ണമായും ചികിത്സിച്ച ഭേദമാക്കാവുന്ന രോഗമാണ് അർബുദം. രോഗത്തോടുള്ള നമ്മുടെ സമീപനവും ഭീതി ഒഴിവാക്കുക എന്നതുമാണ് പ്രധാനം. ചിട്ടയായ ജീവിത ശൈലി, വ്യായാമം, വിഷരഹിതവും നാര് വർഗ്ഗങ്ങൾ ധാരാളം അടങ്ങിയതുമായ ഭക്ഷണം എന്നിവ ശീലിക്കുന്നതിലൂടെ ഒരു പരിധി വരെ ഈ രോഗത്തെ പ്രതിരോധിക്കാവുന്നതാണെന്ന് ഡോ. റോസി ആന്റണി പറഞ്ഞു.

അർബുദ ബാധിതരായ നിർധരരായ രോഗികൾക്ക് ഇന്ന് ചികിത്സാ ചിലവ് താങ്ങാവുന്നതിലുമധികമാണ്. ഈ സാഹചര്യത്തിലാണ് ഇടവക ഈ വർഷവും ഇത്തരത്തിലൊരു ഉദ്യമം ഏറ്റെടുത്തതെന്നും കഴിഞ്ഞ പതിനൊന്ന് വർഷങ്ങളായി ഇടവക നടപ്പാക്കി വരുന്ന തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ വിവാഹം, ഭവനനിർമ്മാണം, ഹൃദയ ശസ്ത്രക്രിയ, വൃക്ക രോഗികൾക്കുള്ള ചികിത്സാ സഹായം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ എഴുന്നൂറിലധികം പേർക്ക് ധനസഹായം നൽകിയതായും വികാരി ഫാ. ജേക്കബ് മാത്യൂ പറഞ്ഞു.

ചടങ്ങിൽ മലങ്കര സഭാ മാനേജിംഗ് കമ്മറ്റി അംഗവും പ്രമുഖ സംരംഭകനുമായ ഗീവർഗീസ് യോഹന്നാനിൽ നിന്ന് പദ്ധതിക്കായുള്ള ആദ്യ സംഭാവന സ്വീകരിച്ചു. അസോസിയേറ്റ് വികാരി ഫാ. കുര്യാക്കോസ് വർഗീസ്, ട്രസ്റ്റി മാത്യൂ വർഗീസ്, സെക്രട്ടറി മനോജ് മാത്യൂ, ഭദ്രാസന കൗൺസിൽ അംഗം ബോബൻ തോമസ്, തണൽ പദ്ധതി കൺവീനർ ബിജു ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

ഈ വർഷത്തെ തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ സാമ്പത്തിക ശേഷിയില്ലാത്ത അർബുദ രോഗികൾക്ക് ചികിത്സക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം നൽകും. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മുൻഗണന നൽകുന്ന പദ്ധതിയിൽ ജാതിമത ഭേദമെന്യേ എല്ലാ വിഭാഗത്തിലുമുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർബുദബാധിതരായ രോഗികൾക്ക് സഹായം ലഭിക്കും. ധനസഹായത്തിനായി അപേക്ഷകന്റെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ അപേക്ഷകൾ വൈദ്യ പരിശോധനാ റിപ്പോർട്ട്, വരുമാന സർട്ടിഫിക്കേറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം 2017 നവംബർ 30–ന് മുൻപായി "The Vicar, Mar Gregorios Orthodox Church, P.O Box: 984, Postal Code: 100, Muscat, Sultanate of Oman" എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

## ലോഗോ പ്രകാശനം ചെയ്തു



മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ നാൽപ്പത്തഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ലോഗോയുടെ പ്രകാശനം ഇടവക വികാരി ഫാ. ജേക്കബ് മാത്യൂ, അസ്സോ. വികാരി ഫാ. കുര്യാക്കോസ് വർഗീസ്, ട്രസ്റ്റി മാത്യൂ വർഗീസ് എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

നാൽപ്പത്തഞ്ചാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം ഓഗസ്റ്റ് പതിനെട്ടിന് (വെള്ളി) സെന്റ്. തോമസ് പള്ളിയിൽ വിശുദ്ധ കുർബ്ബാനാനന്തരം നടക്കും. ഇന്ത്യൻ അംബാസ്സിഡർ H.E. ഇന്ദ്രമണി പാണ്ഡെ 45–ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. ചടങ്ങിൽ വൈദികർ, സഭാ–ഇടവക പ്രതിനിധികൾ, സാമൂഹിക രംഗത്തുനിന്നുള്ളവർ തുടങ്ങി വിവിധ മേഘലകളിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ പങ്കെടുക്കും. വാർഷികാഘോഷങ്ങളുടെ ഭാഗമായി ഈ വർഷം നിരവധി കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

## യുവജന പ്രസ്ഥാനം പ്രവർത്തന ഉദ്ഘാടനം നടത്തി



യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം സഭയുടെ അടൂർ കടമ്പനാട് ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.

ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ 2017–2018 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സഭയുടെ അടൂർ, കടമ്പനാട് ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ നിർവ്വഹിച്ചു. യുവാക്കൾ കർമ്മശേഷിയുള്ളവരാണ്, ആത്മീയതയിലധിഷ്ഠിതമായ ഒരു ജീവതശൈലി യുവജനത രൂപപ്പെടുത്തേണ്ടതാണെന്നും യുവജനപ്രസ്ഥാനം ആത്മീയ പ്രവർത്തനങ്ങൾക്കൊപ്പം സേവന, ജീവകാരുണ്യ രംഗത്ത് നൽകുന്ന സംഭാവനകൾ നിസ്തുലമാണെന്നും അദ്ദേഹം പറഞ്ഞു.

വിശുദ്ധ കുർബ്ബാനാനന്തരം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. ജേക്കബ് മാത്യൂ അദ്ധ്യക്ഷത വഹിച്ചു. അസ്സോസിയേറ്റ് വികാരിയും യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റുമായ ഫാ. കുര്യാക്കോസ് വർഗീസ്, ഇടവക ട്രസ്റ്റി മാത്യൂ വർഗീസ്, ഭദ്രാസന കൗൺസിൽ അംഗം ബോബൻ മാത്യൂ തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവക കോ–ട്രസ്റ്റി സാബു കോശി, സെക്രട്ടറി മനോജ് മാത്യൂ, യുവജനപ്രസ്ഥാനം ഭാരവാഹികളായ അജു തോമസ്, നെബു വർഗീസ്, ടിജോ തോമസ് എന്നിവർ സന്നിഹിതരായിരുന്നു. ഈ വർഷത്തെ അംഗത്വ വിതരണത്തിന്റെ ഉദ്ഘാടനം സിജോ പി. ജോണിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

1977–ൽ ഇടവകയിൽ രൂപീകൃതമായ യുവജനപ്രസ്ഥാനം ഈ വർഷം നാല് ദശാബ്ദങ്ങൾ പിന്നിടുകയാണ്. നാൽപ്പതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

## ലോക പരിസ്ഥിതി ദിനം ആചരിച്ചു



മസ്കത്ത് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു. വൃക്ഷ തൈ നടീലിനും, പരിസ്ഥിതി ദിന പ്രതിജ്ഞക്കും ശേഷം ഡോക്യുമെന്ററി പ്രദർശനവും, ചിത്ര പ്രദർശനവും, സെമിനാറും നടന്നു.

എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവ വൈവിദ്ധ്യത്തിന്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട് എന്ന സങ്കല്പമാണ് ലോക പരിസ്ഥിതിദിനത്തിന്റെ കാതൽ. പ്രതീക്ഷ കൈവിടാതെ മലിനീകരണത്തിനെതിരായും വന നശീകരണത്തിനെതിരായും പ്രവർത്തിക്കുകയാണ് പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗ്ഗം. ഭൂമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു ആവാസ കേന്ദ്രമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിതകേന്ദ്രമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

കവിയും, കഥാകൃത്തുമായ K. R. P. വള്ളികുന്നം പരിസ്ഥിതിദിന സന്ദേശം നൽകി. ഇടവക വികാരി ഫാ. ജേക്കബ് മാത്യൂ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സഹവികാരിയും യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റുമായ ഫാ. കുരിയാക്കോസ് വർഗ്ഗീസ്, യുവജനപ്രസ്ഥാനം സെക്രട്ടറി അജു തോമസ്, ജോ. സെക്രട്ടറി നിബു വർഗീസ്, ട്രഷറാർ റ്റിജൊ തോമസ് എന്നിവർ സംസാരിച്ചു. പ്രോഗ്രാം കൺവീനർ ബിപിൻ ബി. വർഗ്ഗീസ്, യുവജന പ്രസ്ഥാനം ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## ‘മധുരമെൻ മലയാളം‘ മാതൃ ഭാഷാ പഠന കളരി സംഘടിപ്പിച്ചു



മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള മാതൃ ഭാഷാ പഠന കളരി ഈ വർഷം ‘മധുരമെൻ മലയാളം’ എന്ന പേരിൽ ജൂൺ 16 മുതൽ ജൂലൈ 21 വരെയുള്ള വെള്ളിയാഴ്ച ദിവസങ്ങളിൽ നടത്തപ്പെട്ടു. കുട്ടികൾക്ക് മാതൃഭാഷയിലുള്ള അവഗാഹം വർദ്ധിപ്പിക്കുന്നതിനായാണ് പഠന കളരി സംഘടിപ്പിച്ചത്. നാടിനെ കുറിച്ചും, ഭാഷയെ കുറിച്ചും അറിവു നൽകുകയും, കഥകൾ, കവിതകൾ തുടങ്ങിയവ കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു. ഭാഷാ പഠന കളരിയുടെ സമാപന സമ്മേളനം ഇടവക വികാരിയും യുവജപ്രസ്ഥാനം പ്രസിഡന്റുമായ ഫാ. ജേക്കബ് മാതൃുവിന്റെ അദ്ധ്യക്ഷതയിൽ നടത്തി. കുര്യാക്കോസ് വർഗ്ഗീസ് അച്ചൻ സ്വാഗതം ആശംസിച്ചു. ഇടവക സെക്രട്ടറി മനോജ് മാത്യൂ, ഭദ്രാസന കൗൺസിൽ അംഗം ബോബൻ മാത്യൂ തോമസ് എന്നിവർ ആശംസകൾ അർപ്പിച്ചു. രക്ഷാകർതൃ പ്രതിനിധി സെറീന റ്റിജു, വിദ്യാർത്ഥി പ്രതിനിധി ഡോണ ബിജു എന്നിവർ അവലോകനം നടത്തി. പരിപാടിയുടെ ഭാഗമായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനവും, അധ്യാപകർക്കുള്ള പുരസ്ക്കാരവും, പങ്കെടുത്ത വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു. കൺവീനർ ജിത്ത് മാത്യൂ നന്ദി പ്രകാശിപ്പിച്ചു.



### 41-ാം ചരമദിനം
(ഓഗസ്റ്റ് 7, 2017)



**എ. എം. മത്തായി**
(19/01/1918 — 28/06/2017)

അടങ്ങപ്പുറത്ത് കോടിക്കൽ, അമിച്ചകരി, തിരുവല്ല

Inserted by:

Abraham Mathew & Family, Muscat
George Mathew & Family, Thiruvalla
Tom Mathew & Family, USA
Prof. Dr. Thomas Varghese & Family, KTM

### വേർപാടിന്റെ 2-ാം വർഷം
(ഓഗസ്റ്റ് 8, 2017)



**സാലി തോമസ്**
പുതുവേലിൽ, പൈനംമൂട്, മാവേലിക്കര

‘അകാലത്തിൽ ഞങ്ങളിൽ നിന്നു ഇമ്പമുള്ള പറുദീസയിലേക്ക് ചേർക്കപ്പെട്ട ഞങ്ങളുടെ പ്രിയ സാലിമ്മാമ്മയുടെ പാവന സ്മരണയ്ക്ക് !!’

Inserted by:
സാൽബി ജോൺ, അനില, ചിന്നു, ചിഞ്ചു

in loving memory of
Our beloved Appa & Amma



Manalil Geevarghese Perumal
& Chinnamma Perumal

Inserted by:
Roy Thomas & Family

തണൽ

2017 - 2018

# കാരുണ്യത്തിന്റെ കരസ്പർശം

# THE TOUCH OF KINDNESS

## കാൻസർ ചികിത്സാ സഹായ പദ്ധതി

### അപേക്ഷകൾ സ്വീകരിക്കുന്നു

**മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ തണൽ ജീവകാരുണ്യ പദ്ധതിയിൽ ഈ വർഷം നടപ്പാക്കുന്ന 'കാരുണ്യത്തിന്റെ കരസ്പർശം' കാൻസർ ചികിത്സാ സഹായ പദ്ധതിയിലൂടെ നിർദ്ധനരായവർക്ക് ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. മലങ്കര ഓർത്തഡോക്സ് സഭയിലെ എല്ലാ ഭദ്രാസനങ്ങളിലുമുള്ള സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കാൻസർ രോഗികൾക്ക് മുൻഗണന നൽകുന്ന പദ്ധതിയിൽ ഇതര സഭകളിലും മത വിഭാഗങ്ങളിലുമുള്ളവർക്കും ധന സഹായം ലഭിക്കും. അപേക്ഷകൾ മതിയായ രേഖകളോടൊപ്പം 2017 നവംബർ 30–നകം താഴെ കാണുന്ന വിലാസത്തിൽ അയക്കേണ്ടതാണ്.**

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ:**

1) ഇപ്പോൾ ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കേറ്റും, പൂർണമായ ചികിത്സാ രേഖകളും.
2) സാമ്പത്തിക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ.
   (വരുമാനം രേഖപ്പെടുത്തിയിരിക്കുന്ന റേഷൻ കാർഡിന്റെ പകർപ്പ്)
3) ഓർത്തഡോക്സ് സഭാംഗമാണങ്കിൽ അംഗമായിരിക്കുന്ന ഇടവക വികാരി / ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്ത്.
4) മറ്റു വിഭാഗങ്ങളിൽ നിന്നുളളവരാണെങ്കിൽ സമീപമുളള ഓർത്തഡോക്സ് പളളി വികാരിയുടെ ശുപാർശ കത്ത്.

**നിബന്ധനകൾ:**

- പൂർണമായും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുളളവർക്കായിരിക്കും ഈ സഹായം ലഭ്യമാക്കുക.
- തണൽ സബ്കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
- മുൻ കാലങ്ങളിൽ ഇതേ സഹായം കൈപ്പററിയവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

AVOID CANCER... !!
SAVE LIFE... !!
HELP TO HELPLESS... !!



**അപേക്ഷകൾ അയക്കേണ്ട വിലാസം**

The Vicar
Mar Gregorios Orthodox Church,
Al Farahidi Street,
P.O. Box 984, P.C. 100,
Muscat, Sultanate of Oman.

STRICTLY FOR PRIVATE CIRCULATION ONLY

PUBLISHED & OWNED BY
MAR GREGORIOS ORTHODOX MAHA EDAVAKA
P. O. Box 984, P.C. 100, Muscat, Sultanate of Oman, Tel: +968-2470 2606, Fax: +968-2479 0811
e-mail: vineyard@mgomemuscat.com • www.mgomemuscat.com/vineyard